

എന്റെ ജീവിതമാണ് എന്റെ സന്ദേശം

- മഹാത്മജി

ചാത്തന്നൂർ ഗ്രാമ പഞ്ചായത്ത്
(ISO 9001 - 2015 Certified)

പതിനാലാം പഞ്ചവത്സരപദ്ധതി

2022 – 27

അന്തിമ പദ്ധതിരേഖ

2024–25
വാർഷിക പദ്ധതി

ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം

ബഹുമാന്യരെ,

നവകേരളത്തിന് ജനകീയാസൂത്രണം എന്ന മുദ്രാവാക്യത്തിലധിഷ്ഠിതമായ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മൂന്നാം വർഷമായ 2024-25 ലേക്ക് കടക്കുകയാണ്. പതിനാലാം പഞ്ചവത്സരപദ്ധതികാലത്ത് നടപ്പിലാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് പഞ്ചായത്ത് അംഗീകരിച്ച വികസനരേഖയുടെയും അവസ്ഥാ വിശകലനത്തിന്റെയും അടിസ്ഥാനത്തിലാണ് ഒന്നാം വാർഷിക പദ്ധതിക്ക് രൂപം കൊടുത്തിരുന്നത്. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്തെ അവസാന വർഷത്തെ പദ്ധതി നിർവ്വഹണത്തിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച സ്റ്റാറ്റസ് റിപ്പോർട്ടിനെ ആധാരമാക്കിയാണ് 2024-25 ലെ വാർഷിക പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത്. അതുപോലെ ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിത കേരളം (ദുരന്ത നിവാരണം, ശുചിത്വം, മാലിന്യ സംസ്കരണം, ജലസംരക്ഷണം മുതലായവ) എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ട് പ്രാദേശിക വികസനവും സാമൂഹിക നീതിയും സാധ്യമാക്കുവാൻ ദീർഘവീക്ഷണത്തോട് കൂടിയ സമീപനമാണ് പദ്ധതി ആസൂത്രണത്തിന് സ്വീകരിച്ചിട്ടുള്ളത്.

കാർഷിക പ്രധാനമായ സമ്പത്ത് ഘടനയാണ് നമ്മുടെ പഞ്ചായത്തിനുള്ളത്. കാർഷിക-മൃഗ സംരക്ഷണ മേഖലകളിൽ സമഗ്ര വികസന കാഴ്ചപ്പാടോടെ നിരവധി പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. സേവന പശ്ചാത്തല മേഖലകളിലും വളരെയേറെ മുന്നോട്ട് പോകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിന്റെ ഭൂപ്രകൃതിയും പ്രാദേശികതകളും ജനങ്ങളുടെ ആവശ്യകതകളും പരിഗണിച്ചുള്ള സമഗ്ര വികസനവും പുരോഗതിയുമാണ് ഈ പദ്ധതി ലക്ഷ്യമാക്കുന്നത്.

പദ്ധതിവിഹിതത്തിൽ പഞ്ചായത്തിന് ലഭിക്കുന്ന ഫണ്ടുകളിൽ നല്ലൊരു തുക നിർബന്ധിത വകയിരുത്തലുകൾക്ക് മാറ്റി വെയ്ക്കേണ്ടതായിട്ടുണ്ട്. ശേഷിക്കുന്ന ഫണ്ടും തനത് വരുമാനവും കൂടി ചേർന്ന് സമസ്ത മേഖലകളുടെയും വികസനത്തിനുള്ള ഗ്രാമസഭകളുടെയും വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെയും നിർദ്ദേശങ്ങൾ പ്രതിഫലിപ്പിച്ച് കൊണ്ടാണ് ഈ പദ്ധതിരേഖ തയ്യാറാക്കിയിട്ടുള്ളത്.

ഒപ്പ്
സജീവ്. കെ
(സെക്രട്ടറി)

ഒപ്പ്
ബിജു. റ്റി
(പ്രസിഡന്റ്)

ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി

പ്രസിഡന്റ് : ശ്രീ. ദിജു. ജി

വൈസ് പ്രസിഡന്റ് &
ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ : ശ്രീമതി സിന്ധു ഉദയൻ

വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ : ശ്രീ. സജീവ് കുമാർ. ആർ

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ : ശ്രീമതി ഷൈനിജോയി

ആരോഗ്യ-വിദ്യാഭ്യാസ
സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ : ശ്രീ. അമൽ ചന്ദ്രൻ. ആർ

അംഗങ്ങൾ : ശ്രീമതി മീരാഉണ്ണി
ശ്രീമതി രേണുക. എസ്
ശ്രീമതി മഹേശ്വരി ഒ.
ശ്രീ. ചന്ദ്രകുമാർ. എസ്. കെ.
ശ്രീ. പ്രമോദ് കാരംകോട്
ശ്രീ. പി. എം. ഇക്ബാൽ
ശ്രീമതി ലീലാമ്മ ചാക്കോ
ശ്രീ. ആർ. സന്തോഷ്
ശ്രീമതി ഷീബ മനു
ശ്രീ. ശരത്ചന്ദ്രൻ. ജി
ശ്രീമതി ഇന്ദിര. കെ
ശ്രീമതി ബീനാറാണി
ശ്രീമതി സുനിത ഷിബു

സെക്രട്ടറി : ശ്രീ. സജീവ്. കെ.

നിർവ്വഹണ ഉദ്യോഗസ്ഥർ

1. സെക്രട്ടറി : ശ്രീ. സജീവ്. കെ.
2. അസിസ്റ്റന്റ് സെക്രട്ടറി : ശ്രീ. ജെ. സജീവ് കുമാർ
3. അസിസ്റ്റന്റ് എഞ്ചിനീയർ : ശ്രീമതി ഹസീന. എച്ച്
4. കൃഷി ഓഫീസർ : ശ്രീ. മനോജ് ലൂക്കോസ്
5. മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) : ഡോ. എൽ. ബി. വിനോദ്
6. മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) : ഡോ. അനു ചന്ദ്രൻ
7. മെഡിക്കൽ ഓഫീസർ (ഹോമിയോ) : ഡോ. സൗമ്യ. ആർ
8. വെറ്ററിനറി സർജൻ : ഡോ. ശ്യാംസുന്ദർ
9. ഐ.സി.ഡി.എസ്.സൂപ്പർവൈസർ : ശ്രീമതി. ഷീബ. എസ്. ആർ
10. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ : ശ്രീ. ബിജു. റ്റി. എസ്
 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ : ശ്രീമതി. തുഷാര
11. ഗവ. എൽ. പി. എസ് (എച്ച്.എം) : ശ്രീമതി.ജ്യോതി
12. ഡയറി ഫാം ഇൻസ്ട്രക്ടർ : ശ്രീ. വിനീത്

ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ

സെക്രട്ടറി : ശ്രീ. സജീവ്. കെ.
അസിസ്റ്റന്റ് സെക്രട്ടറി : ശ്രീ. സജീവ് കുമാർ
ജൂനിയർ സൂപ്രണ്ട് : ശ്രീമതി. അർച്ചന കെ. എസ്
അക്കൗണ്ടന്റ് : ശ്രീമതി ഉഷാകുമാരി. എസ്
സീനിയർ ക്ലർക്ക് : 1. ശ്രീ. സാജൻ. ജി
2. ശ്രീമതി. മേരി ലിമ മൈക്കിൾ
ക്ലാർക്കുമാർ : 1. ശ്രീ.വിഷ്ണു
2. ശ്രീ.അൻസർ. ഐ
3. ശ്രീമതി. സന്ധ്യ ബഷീർ മുഹമ്മദ്
4. ശ്രീമതി ട്രീസ സേവ്യർ
ഓഫീസ് അസിസ്റ്റന്റ് : 1. ശ്രീമതി സജിന. എസ്
: 2. ശ്രീമതി. ഷൈലജ ബി
ജീപ്പ് ഡ്രൈവർ : ശ്രീ. വിജയലാൽ. ആർ

ഫുൾടൈം സ്വീപ്പർ	:	1. ശ്രീ. സുരേഷ്കുമാർ. ടി
പാർട്ട് ടൈം ലൈബ്രേറിയൻ	:	ശ്രീമതി. അംബികാദേവി. പി
ടെക്നിക്കൽ അസിസ്റ്റന്റ്	:	ശ്രീമതി. പ്രിൻസി. എസ്.പി
പ്രോജക്ട് അസിസ്റ്റന്റ്	:	ശ്രീമതി. ജയശ്രീ
ഹോസ്പിറ്റൽ കിയോസ്ക്	:	ശ്രീമതി. ഷീല കുമാരി
എം.ജി.എൻ.ആർ.ഇ.ജി.എസ് വിഭാഗം	:	1. ശ്രീമതി. പ്രീത ജി. വി
		2. ശ്രീ. വിഷ്ണുരാജൻ. എസ്
ഡേറ്റാ എൻട്രി ഓപ്പറേഷൻ കം അക്കൗണ്ടന്റ്	:	1. ശ്രീമതി ധനിത്യ. എം. എസ്
		2. ശ്രീമതി. രാജി. ആർ നായർ
എഞ്ചിനീയറിംഗ് വിഭാഗം	:	1. ശ്രീമതി ഹസീന. എച്ച് (അസി. എഞ്ചിനീയർ)
		2. ശ്രീമതി സൗമ്യ നായർ (ഓവർസിയർ III ഗ്രേഡ്)
		3. ശ്രീമതി. സ്വാതി (ഓവർസിയർ I ഗ്രേഡ്)
ക്ലാർക്ക്	:	ശ്രീ. അനീഷ്. ആർ

പൊതു വിവരണം

ഗ്രാമപഞ്ചായത്തിന്റെ പേര് : ചാത്തന്നൂർ
പഞ്ചായത്ത് സ്ഥാപിതമായ വർഷം : 1953
റവന്യൂ ജില്ല : കൊല്ലം
താലൂക്ക് : കൊല്ലം
ബ്ലോക്ക് : ഇത്തിക്കര
വില്ലേജുകൾ : മീനാട്, ചിറക്കര
അസംബ്ലി നിയോജകമണ്ഡലം : ചാത്തന്നൂർ
പാർലമെന്റ് നിയോജകമണ്ഡലം : കൊല്ലം
വാർഡുകളുടെ എണ്ണം : 18
വിസ്തീർണ്ണം : 18.568 ച. കി. മീ

ജനസംഖ്യ (2011 ലെ സെൻസസ് പ്രകാരം)

ആകെ ജനസംഖ്യ : 30516
പുരുഷന്മാർ : 14457
സ്ത്രീകൾ : 16059
സ്ത്രീപുരുഷാനുപാതം : 1110
ആകെ കുടുംബങ്ങൾ : 7853
ജനസാന്ദ്രത : 1643/ച.കി.മീ
സാക്ഷരത : 95.62 %

അതിരുകൾ

വടക്ക് : ഇത്തിക്കര ആറ്
കിഴക്ക് : കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്
തെക്ക് : ചിറക്കര ഗ്രാമപഞ്ചായത്ത്
പടിഞ്ഞാറ് : ഇത്തിക്കര ആറ്

സ്ഥാനം

Latitude : 8° 49' 30" N – 8° 52' 30" N
Longitude : 76° 49' 30" E – 76° 43' 30" E

അദ്ധ്യായം 1

വികസന സ്ഥിതി അവസ്ഥ

[illegible] ഗ്രാമപഞ്ചായത്തിന്റെ സമ്പദ്ഘടന കാർഷിക മേഖലയിൽ അധിഷ്ഠിതമാണ്. പഞ്ചായത്തിലെ ജനസംഖ്യയിൽ ഭൂരിപക്ഷം ആളുകളും കൃഷിയെ ആശ്രയിച്ചാണ് ഉപജീവനം നടത്തുന്നത്. കാർഷികമേഖലയിൽ ഒട്ടേറെ വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും കാർഷികരംഗം പ്രശ്നസങ്കീർണ്ണമാണ്. ഉത്പാദനമുരടിപ്പ് നിലനിൽക്കുന്നു. നെൽകൃഷി വലിയ വെല്ലുവിളികളെ നേരിടുന്നു. കൃഷിഭൂമിയുടെ തുണ്ടുവൽക്കരണം, തൊഴിലാളി ദൗർലഭ്യം, കാർഷികോപാധികളുടെ അഭാവം, ജലസേചനസൗകര്യങ്ങളുടെ അഭാവം, കൂലി വർദ്ധനവ് എന്നിവ മൂലം കാർഷികോല്പാദനവും ഉല്പാദനക്ഷമതയും ഗണ്യമായി കുറഞ്ഞിരിക്കുകയാണ്. ചെറുകിട കർഷകർ സ്വന്തമായുള്ള ഭൂമിയെ ആസ്തി മാത്രമായി കണക്കാക്കുകയും കൃഷി നടത്താതിരിക്കുകയും ചെയ്യുന്ന അവസ്ഥ ചർച്ച ചെയ്യപ്പെടേണ്ടതാണ്. കൃഷിനാശം രോഗങ്ങളും പ്രളയം അധികരിച്ചതും രോഗം ബാധിച്ചതുമാണ്. ഇതിന്റെ കൂടെ ശരിയായ പരിപാലനമില്ലാത്ത കൃഷിയാകുമ്പോൾ ഉല്പാദനം കുറഞ്ഞിരിക്കുന്നു. ആധുനിക കൃഷി സമ്പ്രദായങ്ങൾ ഉപയോഗിക്കുകയും നല്ലയിനം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിച്ചും ഇപ്പോൾ നിലനിൽക്കുന്ന ഉല്പാദനക്കുറവിൽ നിന്ന് മാറ്റിയെടുക്കേണ്ടതുണ്ട്. തോടുകൾ, കുളങ്ങൾ, കിണറുകൾ, ചെക്ക് ഡാമുകൾ എന്നിവ നിർമ്മിച്ചും പമ്പുസെറ്റുകൾ സ്ഥാപിച്ചും ജലം സംഭരിച്ച് കൃഷിക്ക് ഉപയുക്തമാക്കേണ്ടിയിരിക്കുന്നു. ഈ സംഘടിതപ്രവർത്തനങ്ങളിൽ കർഷകരെ കൂടുതൽ ബോധവാന്മാരാക്കി കൃഷിക്ക് പ്രോത്സാഹനം നൽകുന്ന സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. കാർഷികോല്പന്നങ്ങളുടെ വിപണിയിൽ കാർഷികമേഖലയെ ഏറെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

നെൽകൃഷിയും കേരകൃഷിയും മറ്റ് ഹ്രസ്വകാലകൃഷിയും കഴിഞ്ഞാൽ മൃഗസംരക്ഷണമാണ് ജനങ്ങളുടെ മുഖ്യമായ തൊഴിലും വരുമാനമാർഗ്ഗവും. മൃഗചികിത്സാസൗകര്യങ്ങൾ പരിമിതമായ തോതിലേ ലഭിക്കുന്നുള്ളൂ. ആവശ്യത്തിന് ഔഷധങ്ങൾ, ചികിത്സോപകരണങ്ങൾ ഇല്ലാ ഈ കേന്ദ്രങ്ങളിൽ ലഭ്യമല്ല. കന്നുകുട്ടി പരിപാലനം, വന്ധ്യതാ നിവാരണം, ക്ഷീരോൽപ്പാദന വർദ്ധന യൂണിറ്റ്, അകിടുവീക്ക നിയന്ത്രണം, രോഗപ്രതിരോധ കുത്തിവെയ്പ് തുടങ്ങിയവ നടപ്പിലാക്കിയത് മൂലം മൃഗസംരക്ഷണ മേഖല ഏറെക്കുറെ പ്രശ്നങ്ങളും പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കാമധേനു ഇൻഷുറൻസ് പദ്ധതി മൃഗങ്ങൾക്കും മൃഗസംരക്ഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾക്കും ഒരുപോലെ പ്രയോജനകരമാണ്. നിലവിലുള്ള കാലിത്തൊഴുത്തുകൾ നവീകരിച്ചും പുതുതായി കാലിത്തൊഴുത്തുകൾ നിർമ്മിച്ചും ഔഷധങ്ങളും ലഭ്യമാക്കിയും പാൽ സംഭരണ പ്രവർത്തനങ്ങൾ നടത്തിയും കാലിത്തീറ്റകളുടെ വില നിയന്ത്രിച്ചും തീറ്റപ്പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തിയും ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്. മൃഗാശുപത്രിയിൽ നിന്നും സബ്സെന്ററുകളിൽനിന്നും ഉള്ള സേവനം മെച്ചപ്പെടുത്തിയാൽ പാലിന്റെ ഉല്പാദനം വർദ്ധിപ്പിക്കുവാനും പാലിന് അർഹമായ വില ലഭിക്കുവാനും സാധിക്കും. ക്ഷീരോല്പന്ന നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കണം.

ദേശീയപാത കടന്നുപോകുന്നതിനാൽ വാണിജ്യ യാത്രാസൗകര്യം ഉള്ള പഞ്ചായത്താണെങ്കിലും കാർഷിക വ്യവസായ മേഖലകളിൽ വാണിജ്യ ഉണർവ്വ് ഉണ്ടായിട്ടില്ല. നാളികേരാധിഷ്ഠിത വ്യവസായങ്ങൾ, സംഘക്കൂട്ടായ്മയുമായി വാണിജ്യ ഏകോപനം, സാങ്കേതിക പരിജ്ഞാനം,

വിപണനസാധ്യതകളുടെ പോരാ, വ്യവസായമേഖലയുമായുള്ള സമ്പർക്കം തുടങ്ങിയവയുടെ അഭാവമൂലം വ്യവസായ വളർച്ച കൈവരിക്കാൻ സാധിച്ചിട്ടില്ല. കശുവണ്ടി മേഖലയിൽ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും വേണ്ടത്ര ആനുപാതികമല്ല. ഈ പരമ്പരാഗത തൊഴിലുകൾ ചെയ്തു കൊണ്ടിരിക്കുന്നവർ അതിൽ നിന്നും അകന്നു പോകുന്നു. അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ തൊഴിലില്ലായ്മ ഇവിടെ അതിരൂക്ഷമാണ് എന്നാൽ കാർഷികമേഖലയിൽ വേണ്ടത്ര തൊഴിലാളികളെ കിട്ടാത്ത അവസ്ഥയും ഉണ്ട്. ആയിരക്കണക്കിന് പേർ വിദേശത്തും അത്രയും തന്നെ അന്യസംസ്ഥാനങ്ങളിൽ പണിയെടുക്കുന്നവരുമാണ്. ഇവർ അന്യനാടുകളിൽ നിന്നും നേടിയെടുക്കുന്ന വിജ്ഞാനവും ഉല്പാദനക്ഷമമായ മേഖലകളിലേയ്ക്ക് തിരിച്ചുവിടേണ്ടിയിരിക്കുന്നു. എന്നാൽ വിദേശത്തുനിന്ന് തിരിച്ചുവരുന്നവരുടെ പുനരധിവാസപ്രശ്നങ്ങളും പരിഗണിക്കേണ്ടതാണ്.

ചാത്തന്നൂർ ഗ്രാമപഞ്ചായത്തിൽ 3 ഗവ.എൽ പി സ്കൂളുകളും 2 എയ്ഡഡ് എൽ പി സ്കൂളുകളും 3 എയ്ഡഡ് യു പി സ്കൂളുകളും 1 ഗവ. ഹൈസ്കൂളും 1 എയ്ഡഡ് ഹൈസ്കൂളും ഒരു സ്വകാര്യ എഞ്ചിനീയറിംഗ് കോളേജും ഉണ്ട്. എൽ പി യു പി സ്കൂളുകളിൽ വിവര സാങ്കേതിക വിദ്യ പഠിപ്പിക്കുന്നതിനും പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത ഇനിയും പരിഹരിക്കേണ്ടതുണ്ട്. എല്ലാ എൽ.പി. സ്കൂളുകളിലും പ്രീ-പ്രൈമറി സൗകര്യം ലഭ്യമാക്കി സ്വകാര്യ നഴ്സറി സ്കൂളുകളുടെ അതിപ്രസരം തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിലെ ഇത്തരത്തിലുള്ള ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള പദ്ധതികൾക്ക് മുൻഗണന നൽകിയാണ് 14-ാം പഞ്ചവത്സരപദ്ധതി പ്രാവർത്തികമാക്കാൻ. വിദ്യാലയങ്ങളിലെ കായിക പരിശീലനം, കലാപരിശീലനം, പ്രവൃത്തി പരിചയം എന്നിവയ്ക്ക് മതിയായ അധ്യാപകരെ നിയമിച്ചുവരുന്നു. എല്ലാ സ്കൂളുകളിലും കല-പ്രവൃത്തി പരിചയം എന്നിവയ്ക്ക് അധ്യാപകരില്ലാത്തത് കൊണ്ട് പഞ്ചായത്ത് തലത്തിൽ തന്നെ ആവശ്യമായിട്ടുള്ള ടീച്ചേഴ്സിനെ നിയമിക്കുക. ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം ഓരോ സ്കൂളിലും പരിശീലകർ എത്തുകയോ താല്പര്യമുള്ള കുട്ടികളെ ഒരു സ്ഥലത്ത് എത്തിച്ച് പരിശീലനം നൽകുകയോ ചെയ്യുക തുടങ്ങിയ പദ്ധതികൾ പ്രാവർത്തികമാക്കുക. കഴിഞ്ഞ വർഷം തുടങ്ങിയ കായിക പരിശീലന പരിപാടി കായികക്ഷമത വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ തുടർന്നും നടപ്പാക്കുക.

നമ്മുടെ പഞ്ചായത്തിലെ പൊതുകുളങ്ങളിലും സ്വകാര്യവ്യക്തികളുടെ കുളങ്ങളിലുമായി മത്സ്യകൃഷിയിറക്കി നമ്മുടെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത അനിവാര്യമായിരിക്കുകയാണ്. ഇതുവഴി വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന കരിമീൻ പോലുള്ള മത്സ്യങ്ങളുടെ സംരക്ഷണവും അവയുടെ ലഭ്യതയും ഉറപ്പാക്കുന്നു. കൂടാതെ അലങ്കാര മത്സ്യകൃഷിയിലേക്കുള്ള ഒരു പുനരുദ്ധാരണം ഇതിലൂടെ നാം ലക്ഷ്യം വെയ്ക്കുന്നു. മത്സ്യകൃഷി ഇറക്കുന്നതുമൂലം നമ്മുടെ പൊതുകുളങ്ങളിൽ കൊതുകുകൾ പെരുകുന്നത് തടയുകയും ഒരു പരിധിവരെ മാലിന്യമുക്തമാവുകയും ചെയ്യുന്നു.

ചാത്തന്നൂർ ഗ്രാമപഞ്ചായത്തിൽ മുൻ പഞ്ചവത്സരപദ്ധതിക്കാലങ്ങളിൽ നിരവധി കുടിവെള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. എങ്കിലും ഈ മേഖലയിൽ നമുക്ക് പരിപൂർണ്ണ വിജയം നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. സർക്കാരിന്റെ ജൽ ജീവൻ പദ്ധതി പ്രകാരം എല്ലാവർക്കും കുടിവെള്ളം എന്ന ലക്ഷ്യത്തോടെ പദ്ധതികൾ നടപ്പാക്കി വരുന്നു. ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് ഠൗൺ പഞ്ചായത്തായതിനാൽ മാലിന്യത്തിന്റെ അളവ് നിയന്ത്രണാതീതമാണ്.

പഞ്ചായത്തിന് ലഭ്യമായ ഫണ്ട് വകയിരുത്തുന്നതിനോടൊപ്പം മുകൾതട്ട് പഞ്ചായത്തുകളുടെയും ശുചിത്വമിഷൻ പോലുള്ള ഏജൻസികളുടെയും സഹായത്തോടെ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

ആരോഗ്യരംഗം– ആധുനികസൗകര്യത്തോടെ കൂടിയ അലോപ്പതി, ആയുർവേദ, ഹോമിയോ ആശുപത്രികളും രണ്ട് സബ്സെന്ററുകളും പ്രവർത്തിക്കുന്നു. സ്വകാര്യ ആശുപത്രികൾ ഏറെയുള്ള ചാത്തന്നൂർ ഗ്രാമപഞ്ചായത്തിൽ ദരിദ്രരായ ആളുകളും ചികിത്സയ്ക്കായി സർക്കാർ മേഖലയെയാണ് ആശ്രയിക്കുന്നത്. ആരോഗ്യ രംഗത്ത് ആർദ്രം മിഷന്റെ ഭാഗമായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും, ആശുപത്രിയുടെ പ്രവർത്തനസമയം വർദ്ധിപ്പിക്കുന്നതും ഉൾപ്പെടെയുള്ള ചാത്തന്നൂർ പി.എച്ച്.സി.യുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു. നിരവധി ആളുകൾ ചികിത്സയ്ക്കെത്തുന്ന ആശുപത്രിയിലെ സൗകര്യങ്ങൾ പരിമിതമാണ്. മുൻ വർഷങ്ങളിൽ നടത്തിയ എല്ലാ പദ്ധതികളും വളരെ വിജയകരമായിരുന്നു. പാലിയേറ്റീവ് പ്രവർത്തനം, വികലാംഗർക്ക് ഉപകരണം, ആശുപത്രികൾക്ക് മരുന്നുവാങ്ങൽ എന്നിവ പ്രധാനമായും ഉൾപ്പെടുന്നു. കഴിഞ്ഞ വർഷങ്ങളായി നടന്നുവരുന്ന തുടർപദ്ധതിയായ പാലിയേറ്റീവ് ഹോംകെയറും ചികിത്സയും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ദാരിദ്ര്യലഘൂകരണം ലക്ഷ്യമാക്കി ഏറ്റെടുത്ത മറ്റൊരു പദ്ധതിയാണ് ഇ.എം.എസ് ഭവന പദ്ധതി ആയത് പ്രകാരം പഞ്ചായത്തിലെ വിവിധ ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് ആനുകൂല്യം നൽകാൻ കഴിഞ്ഞിട്ടുണ്ട്. വീട് വെക്കാൻ സ്ഥലം വാങ്ങൽ, മേൽക്കൂര റിപ്പയർ, ആശ്രയ പദ്ധതി തുടങ്ങി വിവിധ പദ്ധതികൾ ദാരിദ്ര്യലഘൂകരണ പദ്ധതിയിൽ ഏറ്റെടുത്തുകഴിഞ്ഞു. പി. എം. എ. വൈ പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്യുന്നു. കുടുംബശ്രീ പദ്ധതികൾ മുഖേന ദാരിദ്ര്യ ലഘൂകരണം ലക്ഷ്യമാക്കി പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും പൂർണ്ണമായ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. എല്ലാവർക്കും പാർപ്പിടം, കുടിവെള്ളം, വൈദ്യുതി എന്നിങ്ങനെ ലക്ഷ്യമാക്കിക്കൊണ്ട് സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതികൾ ഇനിയും നടപ്പിലാക്കേണ്ടതുണ്ട്. സർക്കാരിന്റെ ലൈഫ് മിഷന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. വീട് മെയിന്റനൻസ് ആനുകൂല്യങ്ങൾ, പട്ടികജാതി വിഭാഗങ്ങൾക്ക് സ്വന്തം ആവശ്യാനുസരിച്ച് ഭവനം നൽകുന്ന പദ്ധതികൾ തുടങ്ങിയവ നടപ്പിലാക്കുക എന്നതാണ് 14-ാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യം. ചാത്തന്നൂർ ഗ്രാമപഞ്ചായത്തിലെ ജനങ്ങളായ കുട്ടികൾ, സ്ത്രീകൾ, ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്നവർ, അഗതികൾ, എന്നിവരുൾപ്പെടുന്ന ദുർബല വിഭാഗങ്ങളെ സഹായിക്കുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുകയും കൂടുതൽ സഹായം എത്തിക്കുന്നതിനുതകുന്ന പദ്ധതികൾ തയ്യാറാക്കുന്നതിനും ലക്ഷ്യമിടുന്നു. പകൽവീട്, വികലാംഗർക്ക് സഹായ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുതകുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും സ്കോളർഷിപ്പ് നൽകുന്നതിനും പഞ്ചവത്സര പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. അഗതികൾക്ക് അംഗൻവാടികൾ വഴി എ ഡി എസ് തലത്തിൽ ഭക്ഷണ വിതരണം, സമൂഹത്തിലെ കുട്ടികളുടെയും സ്ത്രീകളുടെയും ഉന്നമനം ലക്ഷ്യമിടുന്ന അംഗൻവാടികളുടെ അറ്റകുറ്റപ്പണികൾ, കുടിവെള്ളം, വൈദ്യുതി കണക്ഷൻ എന്നിവ പ്രാധാന്യമർഹിക്കുന്നു. മുൻ സാമ്പത്തിക വർഷങ്ങളിൽ ഇ എം എസ് ഭവന പദ്ധതി, കുടിവെള്ള കിണർ, ശുചിത്വ കക്കൂസ്, വീട് മെയിന്റനൻസ്, എം എൻ ലക്ഷം വീട്

പദ്ധതികൾ എന്നിവ നടപ്പാക്കിയിട്ടുണ്ട്. പാതന്നൂർ പഞ്ചായത്തിൽ അർഹരായ ആളുകൾക്ക് ഭവനത്തിന് ധനസഹായം നൽകിയിട്ടുണ്ട്. എല്ലാ അംഗനവാടികൾക്കും സ്വന്തം കെട്ടിടവും ലക്ഷ്യമാക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിവരുന്നു.

പാതന്നൂർ ഗ്രാമപഞ്ചായത്തിലെ 14-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് റോഡുകളുടെ വികസനവുമായി ബന്ധപ്പെട്ട എല്ലാ റോഡുകളുടെയും സംരക്ഷണം നടത്താൻ കഴിഞ്ഞിട്ടുണ്ട്. പുതുതായി ഏറ്റെടുത്തിട്ടുള്ള എല്ലാ റോഡുകളുടെയും നിർവ്വഹണം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിവിധ സ്ഥാപനങ്ങളുടെ മെയിന്റനൻസ്, അംഗനവാടി കെട്ടിടങ്ങൾ, നിലവിലുള്ള അംഗനവാടി കെട്ടിടങ്ങളുടെ റിപ്പയർ പ്രവൃത്തികൾ, പഞ്ചായത്താഫീസിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ, റോഡുകളുടെ നിർമ്മാണം, സംരക്ഷണം തുടങ്ങി മുൻ വാർഷിക പദ്ധതികളിൽ ഏറ്റെടുത്ത എല്ലാ പ്രവൃത്തികളും വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്. പഞ്ചായത്താഫീസും അനുബന്ധകെട്ടിടങ്ങളും വിവിധ സ്ഥാപനങ്ങളും നവീകരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ റോഡ് മെയിന്റനൻസ് തുടങ്ങിയ പ്രവർത്തനങ്ങൾ വരുംവർഷങ്ങളിലും വിജയകരമായി നടപ്പിലാക്കേണ്ടതുണ്ട്.

ഊർജ്ജമേഖലയിൽ എല്ലാ വൈദ്യുത പോസ്റ്റുകളിലേയും തെരുവുവിളക്കുകൾ പ്രകാശിപ്പിക്കുന്നതിനു പുതിയ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനും വൈദ്യുതി എത്തിയിട്ടില്ലാത്ത സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കുക എന്നീ പദ്ധതികൾ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. എങ്കിലും പൂർണ്ണവിജയം ഉണ്ടായിട്ടില്ല. ബൾബുകൾ മാറ്റി സി.എഫ്.എൽ സ്ഥാപിക്കൽ നടന്നുവരുന്നു. ആട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, സ്ട്രീറ്റ് ലൈൻ വലിക്കൽ, സ്ട്രീറ്റ്ലൈറ്റിന് പൂർണ്ണമായും എൽ. ഇ. ഡി. ലൈറ്റുകൾ ഉപയോഗിക്കൽ തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളും വരും വർഷങ്ങളിൽ നടപ്പിലാക്കേണ്ടതുണ്ട്.

14 ാം പഞ്ചവത്സര പദ്ധതിക്കാലത്ത് പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനത്തിന് നിരവധി പദ്ധതികൾ വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്. പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം, കുടിവെള്ള പദ്ധതികൾ, പട്ടികജാതി കോളനികളിലെ സമഗ്രവികസന പരിപാടികൾ, പശുവളർത്തൽ പദ്ധതികൾ, വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, [illegible], കുടിവെള്ള ടാങ്ക് തുടങ്ങി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിയിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽ ഭവന നിർമ്മാണത്തിന് ആവശ്യത്തിന് ഗുണഭോക്താക്കളെ ലഭ്യമല്ല. പട്ടികജാതി വിഭാഗക്കാരുടെ സാമ്പത്തിക വികസനം, സാമൂഹ്യ വികസനം, പശ്ചാത്തല സൗകര്യവികസനം എന്നിവ ലക്ഷ്യമാക്കിക്കൊണ്ട് വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ട് പ്രയോജനം ലഭിക്കുന്ന പദ്ധതികളാണ് വരും വർഷങ്ങളിലേക്ക് ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നത്. കൂടാതെ റോഡ്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ പൊതുസൗകര്യ പ്രോജക്ടുകളും പഞ്ചവത്സര പദ്ധതിയിൽ ലക്ഷ്യമിടുന്നു.

ചാത്തന്നൂർ ഗ്രാമപഞ്ചായത്തിലെ ആകെയുള്ള [illegible] ജനസംഖ്യയിൽ [illegible] സ്ത്രീകളും [illegible] ആറു വയസ്സിൽ താഴെയുള്ള കുട്ടികളും ഉൾപ്പെടുന്നു. ഇവരുടെ സാമൂഹ്യപദവി ഉയർത്തുന്നതിനും കുട്ടികളുടെ സമഗ്രവികസനത്തിനും ഉതകുന്ന പദ്ധതികൾ കഴിഞ്ഞ കാലങ്ങ ളിൽ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങളിൽ സ്ത്രീകളെ ഉൾപ്പെടുത്തുകയും അവർക്ക് സഹായകമായ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനും സാധിച്ചിട്ടുണ്ട്. കുടുംബശ്രീ വഴി തൊഴിൽപരിശീലനം, ജാഗ്രതാസമിതി, കുടുംബശ്രീ റിവോൾവിംഗ് ഫണ്ട്, ബാലസഭ എന്നിവയും അംഗനവാടി വഴി 3 വയസ്സിൽ താഴെയുള്ള കുട്ടികൾ കൗമാരക്കാരായ പെൺകുട്ടികൾ എന്നിവരുൾപ്പെടെയുള്ള വിഭാഗങ്ങൾക്ക് പോഷകാഹാരവിതരണവും നടത്തുന്നു. അംഗനവാടി കുട്ടികൾക്ക് കളിക്കോപ്പ് വിതരണവും നടത്തിയിട്ടുണ്ട്.

സ്ത്രീശാക്തീകരണത്തിന്റെ അടിസ്ഥാനമായ കുടുംബശ്രീ മിഷനിന്റെ സൗകര്യം മെച്ചപ്പെടുത്തുക, വിപണനകേന്ദ്രം ആരംഭിക്കുക, സമൂഹത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന അംഗനവാടികളുടെ നിലവാരം മെച്ചപ്പെടുത്തുക ആകർഷകമാക്കുക എന്നീ സംഗതികൾ വരുംവർഷങ്ങളിൽ ലക്ഷ്യം വയ്ക്കുന്നു. (ഇലക്ട്രിസിറ്റി, കുടിവെള്ളം, സ്വന്തം കെട്ടിടം, പെയിന്റിംഗ് എന്നിവ). 21 അങ്കണവാടികൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 6 എണ്ണത്തിന് സ്വന്തമായി സ്ഥലം നിലകൃഷി യോഗ്യമാക്കൽ, മഴക്കുഴി നിർമ്മാണം, കമ്പോസ്റ്റ്, തെങ്ങിന് തടം തുറക്കൽ, മൺകയ്യാല നിർമ്മാണം, തോട് തടയണകെട്ടി സംരക്ഷി ക്കൽ എന്നിവയും, റോഡ് കോൺക്രീറ്റിംഗ്, വൃക്ഷത്തൈ കമ്പോസ്റ്റ് നിർമ്മാണം, കെ. ഐ. പി. കനാൽ ശുചീകരണം, നടപ്പാത നിർമ്മാണം, ഐ.എ.വൈ ഗുണഭോക്താക്കൾക്ക് വീട് നിർമ്മാണം എന്നിവയും പ്രധാനപ്പെട്ട പ്രവർത്തികളായിരുന്നു. മൺകയ്യാല നിർമ്മാണം ഏറ്റെടുത്തതു മൂലം മണ്ണൊലിപ്പ് തടയുന്നതിനും, മഴക്കുഴി നിർമ്മാണം വഴി മണ്ണിൽ ഈർപ്പം നിലനിർത്തുന്നതിനും, സസ്യങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്നതിനും കഴിഞ്ഞു. നീർത്തട പദ്ധതിയിലുൾപ്പെടുത്തി മൺകയ്യാല നിർമ്മിച്ചതുവഴി വളരെ നല്ല രീതിയിൽ കൃഷിയെ ത്വരിതപ്പെടുത്തുന്നതിനും, മണ്ണൊലിപ്പ് തടയുന്നതിനും, മഴവെള്ള സംഭരണത്തിനും കഴിഞ്ഞു. കമ്പോസ്റ്റ് പിറ്റ് നിർമ്മാണം മാലിന്യ നിർമ്മാർജ്ജനത്തിന് സഹായകമായി. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ധാരാളം കുടുംബങ്ങൾ 100 ദിവസം പണിയെടുക്കുകയും, പരമാവധി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. കെട്ടിടം ഇല്ല. അങ്കണവാടികളുടെ ഭൗതികസാഹചര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. വനിതകൾക്ക് സമൂഹത്തിൽ കരുത്തേകുന്നതിന് അങ്കണവാടികൾ കേന്ദ്രീകരിച്ചുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2016-17 വർഷത്തിൽ ചാത്തന്നൂർ ഗ്രാമപഞ്ചായത്തിൽ 18 വാർഡുകളിലായി നടപ്പിലാക്കിയ 129 പ്രവർത്തികളിൽ നീർത്തട പദ്ധതി പ്രകാരമുള്ള തരിശുനിലകൃഷി യോഗ്യമാക്കൽ, മഴക്കുഴി നിർമ്മാണം, കമ്പോസ്റ്റ്, തെങ്ങിന് തടം തുറക്കൽ, മൺ കയ്യാല നിർമ്മാണം, തോട് തടയണകെട്ടി സംരക്ഷിക്കൽ എന്നിവയും, റോഡ് കോൺക്രീറ്റിംഗ്, വൃക്ഷത്തൈ കമ്പോസ്റ്റ് നിർമ്മാണം, കെ. ഐ. പി. കനാൽ ശുചീകരണം, നടപ്പാത നിർമ്മാണം, ഐ.എ.വൈ ഗുണഭോക്താക്കൾക്ക് വീടുനിർമ്മാണം എന്നിവയും പ്രധാനപ്പെട്ട പ്രവർത്തികളായിരുന്നു. മൺകയ്യാല നിർമ്മാണം ഏറ്റെടുത്തതുമൂലം മണ്ണൊലിപ്പ് തടയുന്നതിനും, മഴക്കുഴി നിർമ്മാണം വഴി മണ്ണിൽ ഈർപ്പം നിലനിർത്തുന്നതിനും, സസ്യങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്നതിനും കഴിഞ്ഞു. നീർത്തട പദ്ധതിയിലുൾപ്പെടുത്തി മൺകയ്യാല

നിർമ്മിച്ചതുവഴി വളരെനല്ല രീതിയിൽ ഭൂമിയെ സംരക്ഷിക്കുന്നതിനും, മണ്ണൊലിപ്പ് തടയുന്നതിനും, മഴവെള്ള സംഭരണത്തിനും കഴിഞ്ഞു. കമ്പോസ്റ്റ് പിറ്റ് നിർമ്മാണം മാലിന്യ നിർമ്മാർജ്ജനത്തിന് സഹായകമായി. 2016-17 സാമ്പത്തിക വർഷത്തിൽ 10 കുടുംബങ്ങൾ 100 ദിവസം പണി ലഭ്യമാക്കുകയും, ആകെ 4824 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

അദ്ധ്യായം 2

2. പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017-22) അവലോകനം

1. കണക്കുകൾ രേഖകൾ തയ്യാറാക്കൽ സേവനം കാര്യക്ഷമമാക്കൽ

ജീവനക്കാരുടെ അഭാവവും ജോലിഭാരവും അശാസ്ത്രീയമായ ഭരണപരിഷ്കാരങ്ങളും പഞ്ചായത്ത് ഓഫീസുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് വിഘാതമാകുന്നു. ജനങ്ങളുടെ വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾക്കനുസരിച്ച് സേവനം നൽകുവാൻ പഞ്ചായത്തുകൾക്ക് കഴിയുന്നില്ല. എങ്കിൽതന്നെയും കമ്പ്യൂട്ടർവൽക്കരണം മുഖേന സേവനം കാര്യക്ഷമമാക്കാനുള്ള തീവ്രശ്രമം നടത്തിവരുന്നു.

മുൻ സാമ്പത്തിക വർഷങ്ങളിൽ സേവനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഫ്രണ്ട് ഓഫീസ്, ആഫീസ് ഉപകരണങ്ങൾ വാങ്ങൽ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ഫോട്ടോസ്റ്റാറ്റ് മെഷീൻ, ടോക്കൺ സിസ്റ്റം, ടെലിവിഷൻ എന്നിവ വാങ്ങിക്കുകയുണ്ടായി. രേഖകളുടെ കമ്പ്യൂട്ടർവൽക്കരണം, ജീവനക്കാരുടെ പരിശീലനം, സാങ്കേതിക സഹായത്തിന് ഐ.ടി.കൺസൾട്ടന്റിന് തുക എന്നിവ നൽകിയിട്ടുണ്ട്. ആഫീസ് ഉപകരണങ്ങൾ വാങ്ങൽ, കമ്പ്യൂട്ടറുകൾ സ്ഥാപിക്കൽ, ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ എന്നീ പ്രോജക്ടുകൾ പ്രധാനമായി നടപ്പിലാക്കിയിട്ടുണ്ട്. ISO അംഗീകാരം ലഭിച്ചതും പ്രധാന നേട്ടമാണ്.

2. കൃഷിയും അനുബന്ധ മേഖലകളും

ചാത്തന്നൂർ ഗ്രാമപഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളുടെയും ഉപജീവനമാർഗ്ഗം കൃഷിയും അതിനോടനുബന്ധിച്ചുള്ള തൊഴിലുകളുമാണ്. കർഷകതൊഴിലാളികളുടെ ദൗർലഭ്യമാണ് ഈ മേഖല നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി. കൃഷിയുടെ കൂലി ചെലവ് വളരെ കൂടുതൽ ആയതിനാൽ കർഷകർ കാർഷികരംഗത്തു നിന്ന് പിൻവലിയുന്ന സാഹചര്യമാണ് നിലവിൽ ഉള്ളത്. ഉല്പാദന ചെലവ് കുറയ്ക്കുന്ന പദ്ധതികൾക്കാണ് കൂടുതൽ പ്രാമുഖ്യം കൊടുക്കേണ്ടത്.

മുൻവർഷങ്ങളിൽ നടപ്പിലാക്കിയ പ്രോജക്ടുകൾ സമഗ്ര തെങ്ങുകൃഷി വികസനം, കുടുംബശ്രീ യൂണിറ്റുകൾക്ക് സമഗ്ര പച്ചക്കറികൃഷി, പട്ടികജാതി വനിതകൾക്ക് സമഗ്ര പച്ചക്കറികൃഷി, കാർഷിക ആവശ്യങ്ങൾക്ക് ടില്ലർ വാങ്ങൽ, കൊയ്ത്ത് മെതി യന്ത്രം വാങ്ങൽ, ബയോഫെർട്ടിലൈസർ യൂണിറ്റ് നിർമ്മാണം, എന്നീ പ്രോജക്ടുകൾക്ക് യഥാർത്ഥ പ്രയോജനം കൈവരിക്കാൻ കഴിഞ്ഞു. പാടശേഖരസമിതികൾ മുഖേന സമഗ്രനെൽകൃഷിവികസനം നടപ്പിലാക്കാൻ സാധിച്ചു. സി.ഡി.എസ് ചെയർപേഴ്സൺ മുഖേന നേരിട്ടായി കുടുംബശ്രീ യൂണിറ്റുകൾക്ക് കിറ്റ് കൊടുക്കുവാൻ കഴിഞ്ഞത് കുടുംബശ്രീ യൂണിറ്റുകൾക്ക് സമഗ്ര പച്ചക്കറികൃഷി എന്ന പദ്ധതിയുടെ വിജയത്തിന് കാരണമായി.

കിണർ കുഴിക്കാൻ ചെലവ് വളരെ കൂടുതലായതും സബ്സിഡി തുക കുറഞ്ഞുപോയതും മൂലമാണ് കിണർ പദ്ധതിയുടെ ആഗ്രഹിച്ച പ്രയോജനം കൈവരിക്കുന്നതിന് വിഘാതമായി. കഴിഞ്ഞില്ല. മറ്റൊരുതരത്തിൽ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതുമൂലം കർഷകർക്ക് കൂലി ചെലവ് പരമാവധി കുറയ്ക്കുവാനും ഉത്പാദന ചെലവ് കുറയ്ക്കുവാനും കഴിയും. തൊഴിലുറപ്പ് പദ്ധതിയിലെ അംഗങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ ഉറപ്പാക്കാൻ സാധിക്കുന്നു. ഇതിനുവേണ്ടി വരുന്ന നടീൽ വസ്തുക്കളുടെ ചെലവ് പ്രസ്തുത തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും ഈടാക്കാൻ സാധിക്കുന്നു.

3. മൃഗസംരക്ഷണവും ക്ഷീരവികസനവും

ആടുവളർത്തലും 2200 കുടുംബങ്ങളിൽ കോഴി വളർത്തലും ഉപജീവനമായി നടന്നു വരുന്നു. ഈ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ നമുക്ക് ആവശ്യമുള്ള പാൽ, മുട്ട, മാംസം എന്നിവ പ്രാദേശികമായി ഉത്പാദിപ്പിക്കുവാൻ സാധിക്കും. 9 പാൽ സൊസൈറ്റികൾ പ്രവർത്തിക്കുന്ന നമുക്ക് സ്വന്തമായി മൃഗാശുപത്രി സ്ഥലവും കെട്ടിടവും ഉള്ളതിനാൽ ആവശ്യത്തിന് സ്ഥലവും ഗുണഭോക്താക്കളിൽ കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഉണ്ടാകേണ്ടതുണ്ട്. നിലവിൽ മലിനീകരിക്കുന്ന ഏഴോളം തിരുപ്പിൽ പാൽ സൊസൈറ്റികളുടെ കൂട്ടായ്മയിൽ നടത്താനുള്ള മൃഗസംരക്ഷണ. ഗ്രാമ പഞ്ചായത്ത് /ബ്ലോക്ക് പഞ്ചായത്ത് / ജില്ലാ പഞ്ചായത്ത് പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കണം. ക്ഷീരസംഘങ്ങളിലൂടെ സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നതിനുള്ള പദ്ധതികൾ ഉണ്ടാകേണ്ടതുണ്ട്.

കന്നുകുട്ടി പരിപാലനം മൃഗസംരക്ഷണ വകുപ്പിന്റെ സബ്സിഡിയോടുകൂടി നടത്തുന്ന പദ്ധതിയാണ്. മേഖലയിലെ പ്രധാന പ്രശ്നങ്ങൾ മൃഗങ്ങൾക്കുണ്ടാകുന്ന രോഗങ്ങളും കാലിത്തീറ്റയുടെ വിലവർദ്ധനവും മൃഗങ്ങളുടെ ലഭ്യത കുറവുമാണ്. ശുചിത്വത്തിലെ അഭാവം, അടിക്കടിയുള്ള വിലകയറ്റം, കോഴിയുടെ ലഭ്യത കുറവ് എന്നിവയാണ് അവയുടെ കാരണങ്ങൾ. കാലിത്തൊഴുത്ത് പുനരുദ്ധാരണം, സബ്സിഡി നിരക്കിൽ മരുന്ന് നൽകൽ, മെഡിക്കൽ ക്യാമ്പ്, സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകൽ, മുട്ടക്കോഴികൾ നൽകുക എന്നിവയാണ് ഇതിനുള്ള പ്രതിവിധികൾ. 14-ാം പദ്ധതിയിൽ ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും മൃഗപക്ഷിസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും പ്രാധാന്യം നൽകുന്നു. വിജ്ഞാന വ്യാപനം, രോഗനിർണ്ണയം, ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, മൃഗാശുപത്രികളുടെയും ഉപകേന്ദ്രങ്ങളുടെയും സൗകര്യം മെച്ചപ്പെടുത്തൽ, മൃഗാശുപത്രികൾക്ക് ആവശ്യമായ മരുന്ന് വാങ്ങൽ, സ്വകാര്യ കർഷക ഗ്രൂപ്പുകൾക്ക് തുക നൽകൽ, കർഷകർക്ക് സാമ്പത്തിക സുരക്ഷിതത്വം എന്നിവ ലക്ഷ്യമിടുന്നു. ജില്ലാപഞ്ചായത്തിന്റെ സഹായത്തോടെ പാലക്കാട് പബ്ലിക് മാർക്കറ്റിൽ 25 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച കുടുംബശ്രീ വിപണനകേന്ദ്രം നിർമ്മാണം പൂർത്തിയാക്കുവാൻ കഴിഞ്ഞു. തെരുവ് നായ്ക്കളുടെ ആക്രമണം തടയുന്നതിനുമായി നടത്തിവരുന്ന എ. ബി. സി. പ്രോഗ്രാം വരും വർഷങ്ങളിലും നടപ്പിലാക്കേണ്ടതായിട്ടുണ്ട്.

4. ചെറുകിട വ്യവസായം

പ്രാദേശിക സാമ്പത്തിക വികസനത്തിന് ചെറുകിട വ്യവസായത്തിന്റെ പങ്ക് വലുതാണ്. കുടുംബശ്രീ സംവിധാനങ്ങൾ ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിൽ ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്. എങ്കിലും നഷ്ടത്തിലും മുന്നോട്ടുപോകുന്നതായിട്ടുണ്ട്. മുൻവർഷങ്ങളിൽ വിവിധ മേഖലയിൽ പരിശീലനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും അവ പ്രയോജനപ്പെടുത്തിക്കൊണ്ട് പ്രവർത്തിക്കുന്ന ചെറുകിട സംരംഭങ്ങൾ വളരെ കുറവാണ്.

കുടുംബശ്രീയുമായി ബന്ധപ്പെടുത്തി വനിതകൾക്ക് ഡാറ്റാഎൻട്രി പരിശീലനം, തയ്യൽ പരിശീലനം, കുട സംഭരണവും വിതരണവും, കയർ വ്യവസായത്തിന്റെ പുനരുദ്ധാരണം, ഉൽപാദന മേഖലയിൽ പ്രധാനം നൽകിയിരിക്കുകയാണ്. ഇവയുടെ നിർമ്മാണ പ്രവർത്തനത്തിനും അവയുടെ മെയിന്റനൻസിനും വേണ്ട നടപടികൾ പഞ്ചായത്ത് സ്വീകരിച്ചു വരുന്നു. തെരുവുവിളക്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കേടായ ബൾബുകൾ മാറ്റിയും ബൾബുകൾ ഇല്ലാത്തിടത്ത് അവ സ്ഥാപിച്ചും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു.

മുൻ പദ്ധതിക്കാലത്ത് പഞ്ചായത്തിലെ ഒട്ടുമിക്ക റോഡുകളും തോടുകളും മെയിന്റനൻസ് നടത്തുകയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ ചെയ്തിട്ടുമുണ്ട്. സർക്കാരിന്റെ മഴക്കെടുതി ദുരിതാശ്വാസ പ്രവർത്തികളിൽ ഉൾപ്പെടുത്തി റോഡുകൾക്ക് സഹായം അനുവദിക്കുന്നുണ്ട്. കൂടാതെ എം എൽ എ, എം പി ഫണ്ടുകളും ജില്ലാ ബ്ലോക്ക് പദ്ധതികളിലും ഉൾപ്പെടുത്തി റോഡുകളുടെ വികസനം സാധ്യമാക്കുന്നു.

ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ദാരിദ്ര്യനിർമ്മാർജ്ജനം ഒരു ലക്ഷ്യമായി അംഗീകരിക്കുകയും ദാരിദ്ര്യലഘൂകരണത്തിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുകയും ചെയ്തു. അതിൽ ഒരു പരിധിവരെ ദാരിദ്ര്യം ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ചാത്തന്നൂർ പഞ്ചായത്തിൽ ഭവനരഹിതരായ ആളുകൾക്ക് ഭവനത്തിന് ധനസഹായം നൽകിയിട്ടുണ്ട്. ജനസംഖ്യയുടെ 10% കുറവ് ആളുകൾക്ക് മാത്രമേ ഭവന നിർമ്മാണത്തിന് സഹായം കിട്ടാത്തതായുള്ളൂ എന്നതിനാലും. ഭൂമി കിട്ടാനാണ് ആളുകൾ ഉള്ളത്. പല പ്രശ്നങ്ങൾ. ഭവന നിർമ്മാണത്തിന് സാധിക്കാത്തതിനാൽ മറ്റ് പ്രശ്നങ്ങൾ വരുന്നതിന് പഞ്ചായത്ത് ധനസഹായം നൽകിയോ സ്പോൺസർഷിപ്പിലൂടെയോ ചെയ്യും. മുൻ സാമ്പത്തിക വർഷങ്ങളിൽ ഇ എം എസ് ഭവന പദ്ധതി കൂടിയുള്ള ലൈഫ്, പുനർഗേഹം, വീട് മെയിന്റനൻസ്, എം എൽ എ ഭവന വീട് പദ്ധതികൾ എന്നിവ നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ചാത്തന്നൂർ ഗ്രാമപഞ്ചായത്തും കേരളസംസ്ഥാന ഭവനനിർമ്മാണ ബോർഡും സംയുക്തമായി നടപ്പിലാക്കുന്ന "സാഫല്യം ഭവനപദ്ധതി" എന്ന ഭൂരഹിതഭവനരഹിതരായ 48 കുടുംബങ്ങൾക്ക് ഫ്ലാറ്റ് നിർമ്മിച്ച് നൽകുന്ന പദ്ധതി പൂർത്തിയാക്കാനായി. കൂടാതെ ലൈഫ് ഭവന പദ്ധതി പ്രകാരം പുതിയ വീടുകൾ നിർമ്മിക്കുന്നതിനും വീടുകൾക്ക് വേണ്ട വസ്തു വാങ്ങുന്നതിനും വേണ്ട പദ്ധതി പ്രാവർത്തികമാക്കിവരുന്നു.

ഭൂരഹിതർക്ക് ഭൂമി വാങ്ങൽ പദ്ധതിക്ക് ഭൂമി കുറഞ്ഞവിലയ്ക്ക് കണ്ടെത്താൻ കഴിയാത്തത് പദ്ധതി നിർവ്വഹണത്തിൽ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. സർക്കാർ നിരക്കിൽ ഭൂവുടമകൾ

കൃഷിയിലൂടെ അധികം തുക കണ്ടെത്താവുന്നതാണ്. ബാങ്ക് വായ്പകൾ സഹകരണ ബാങ്കു വഴി ഉപയോഗപ്പെടുത്തുക. സാധന സാമഗ്രികളുടെ വിലവർദ്ധനവ് ഭവനനിർമ്മാണത്തുക അപര്യാപ്തമാക്കുന്നു. ഭവനനിർമ്മാണത്തിന് മിതമായ നിരക്കിൽ സാധനങ്ങൾ ലഭ്യമാകുന്ന നിർമ്മിതിയുടെ ഡിപ്പോകൾ ഉപയോഗപ്പെടുത്തുക. ബാങ്ക് വായ്പകൾ സഹകരണ ബാങ്കു വഴി ലഭ്യമാക്കുക. പഞ്ചായത്തിൽ നിന്നും ഭൂമി വാങ്ങുന്നതിന് ധനസഹായം കൊടുക്കുന്നവർക്ക് തന്നെ പി. എം. എ. വൈ. വീട് കൊടുക്കാം. പുതിയതായ പഞ്ചവത്സര കാലയളവിൽ എൻ.ആർ.ഇ.ജി.എ. കുടുംബശ്രീ മറ്റ് ധനസഹായങ്ങൾ, രാജീവ് ഗാന്ധി സമ്പൂർണ്ണ വൈദ്യുതീകരൺ യോജന, എൻ ആർ എൽ എം, എസ് ജി എസ് വൈ തുടങ്ങിയവ ഉൾപ്പെടുത്തി സമഗ്ര വികസനം ലക്ഷ്യമിടുന്നു. വികസന ഫണ്ട്, തനത് ഫണ്ട്, സ്പോൺസർഷിപ്പ് എന്നിവയിലൂടെ വിഭവ സമാഹരണത്തിനുള്ള മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്താം. സിമന്റ്, ഹോളോബ്രിക്സ് നിർമ്മാണം, സോപ്പ്, ലോഷൻ എന്നിവ നിർമ്മാണം, ക്ഷീരോൽപന്നങ്ങളുടെ നിർമ്മാണം, അച്ചാറുകൾ, മധുരപലഹാരങ്ങൾ, എന്നിവ നിർമ്മാണം, ചൂരൽ ഫർണിച്ചർ നിർമ്മാണം വിപണനം, ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമെന്റ് മേക്കിംഗ്, ബുക്ക് ബൈൻഡിംഗ് യൂണിറ്റ്, ആഭരണനിർമ്മാണ യൂണിറ്റ്, ബ്യൂട്ടിപാർലർ, സ്കൂൾബാഗ് നിർമ്മാണയൂണിറ്റ്, കുട നിർമ്മാണ യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിന് പഞ്ചായത്തിലെ വനിതകൾക്ക് സ്ഥിരവരുമാന മാർഗ്ഗം സാദ്ധ്യമാക്കണം. ചാത്തന്നൂർ ഗ്രാമീണ ചന്ത കേന്ദ്രമാക്കി തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നവീകരിച്ചു.

5. പൊതുമരാമത്ത് ഊർജ്ജം

ചാത്തന്നൂർ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി രൂപീകരണത്തിൽ പ്രധാന പരിഗണന നൽകുന്നത് റോഡുകളുടെ വികസനത്തിനാണ്. പഞ്ചായത്തിലെ ഭൂരിഭാഗം റോഡുകളും കഴിഞ്ഞ കാലയളവികളിൽ ഉൾപ്പെടുത്തി ടാർ ചെയ്തു കഴിഞ്ഞു. എങ്കിലും ഇനിയും റോഡുകൾ അവശേഷിക്കുന്നു. ഓടകളുടെ അഭാവവും കലുങ്കുകളും റോഡുകൾക്ക് നാശം വരുത്തുന്നതിനാൽ ഭൂരിഭാഗം റോഡുകൾക്കും മെയിന്റനൻസ് ആവശ്യമാണ്.

6. ദാരിദ്ര്യലഘൂകരണം

ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ ദാരിദ്ര്യനിർമ്മാർജ്ജനം ഒരു ലക്ഷ്യമായി അംഗീകരിക്കുകയും ദാരിദ്ര്യലഘൂകരണത്തിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്തു. അതിൽ ഒരു പരിധിവരെ ദാരിദ്ര്യം ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ചാത്തന്നൂർ പഞ്ചായത്തിൽ ഭവനരഹിതരായ ആളുകൾക്ക് ഭവനത്തിന് ധനസഹായം നൽകിയിട്ടുണ്ട്. ഇതോടൊപ്പം 85 കൂടി ആളുകൾക്ക് കൂടെ ഭവനനിർമ്മാണത്തിന് സഹായം കിട്ടാനുള്ളവരുണ്ട്. കുടുംബങ്ങളും ഭൂമി കിട്ടാനുള്ള ആളുകൾ ഉണ്ട്. വലിയ പ്രശ്നങ്ങൾ ഭവനനിർമ്മാണത്തിന് സാധിക്കാത്തതിനാൽ മറ്റ് പ്രയാസങ്ങൾ വാങ്ങുന്നതിന് പഞ്ചായത്ത് ധനസഹായം നൽകിയോ സ്പോൺസർഷിപ്പിലൂടെയോ ചെയ്യാം. മുൻ സാമ്പത്തികവർഷങ്ങളിൽ ഇ എം എസ്

ഭവന പദ്ധതി കൂടാതെയുള്ള ഫിഷറീസ്, പട്ടികജാതി കോർപ്പസ്, വീട് മെയിന്റനൻസ്, എം എൻ ലക്ഷം വീട് പദ്ധതികൾ എന്നിവ നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ചാത്തന്നൂർ ഗ്രാമപഞ്ചായത്തും കേരളസംസ്ഥാന ഭവനനിർമ്മാണ ബോർഡും സംയുക്തമായി നടപ്പിലാക്കുന്ന "സാഫല്യം ഭവനപദ്ധതി" എന്ന ഭൂരഹിതഭവനരഹിതരായ 44 കുടുംബങ്ങൾക്ക് ഫ്ളാറ്റ് നിർമ്മിച്ച് നൽകുന്ന പദ്ധതി പൂർത്തിയാക്കാനായതും നേട്ടമായി. സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനവും ഭൂമിയില്ലാത്തവർക്ക് ഭൂമിയും ഭവനവും ലഭ്യമാക്കുന്നതിനുള്ള പദ്ധതി വഴി എല്ലാവർക്കും വീട് എന്ന സ്വപ്നസാക്ഷാത്കാരത്തിനാണ് ലക്ഷ്യമിടുന്നത്

ഭൂരഹിതർക്ക് ഭൂമി വാങ്ങൽ പദ്ധതിക്ക് ഭൂമി കുറഞ്ഞവിലയ്ക്ക് കണ്ടെത്താൻ കഴിയാത്തത് പദ്ധതി നിർവ്വഹണത്തിന് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. സബ്സിഡി നിരക്കിൽ സ്പോൺസർഷിപ്പിലൂടെ അധികം തുക കണ്ടെത്തേണ്ടതുണ്ട്. ബാങ്ക് വായ്പകൾ സഹകരണ ബാങ്ക് വഴി ഉപയോഗപ്പെടുത്തുക സാധന സാമഗ്രികളുടെ വിലവർദ്ധനവ് ഭവനനിർമ്മാണത്തെ അപര്യാപ്തമാക്കുന്നു. ബാങ്ക് വായ്പകൾ സഹകരണ ബാങ്ക് വഴി നേടിയെടുക്കുക. പഞ്ചായത്തിൽ നിന്നും ഭൂമി വാങ്ങുന്നതിന് ധനസഹായം കൊടുക്കുന്നവർക്ക് തന്നെ ഒരു [illegible] വീട് കൊടുക്കാം. പതിനാലാം പഞ്ചവത്സര കാലയളവിൽ എൻ.ആർ.ഇ.ജി.എ, കുടുംബശ്രീ മറ്റ് ധനസഹായങ്ങൾ, രാജീവ് ഗാന്ധി സമ്പൂർണ്ണ വൈദ്യുതീകരണ യോജന, എൻ ആർ എൽ എം, പി എം എ വൈ തുടങ്ങിയവ ഉൾപ്പെടുത്തി സമഗ്ര വികസനം ലക്ഷ്യമിടുന്നു. വികസന ഫണ്ട്, തനത് ഫണ്ട്, സ്പോൺസർഷിപ്പ് എന്നിവയിലൂടെ വിഭവ സമാഹരണത്തിനുള്ള മാർഗ്ഗങ്ങളും ഉപയോഗപ്പെടുത്തി സർക്കാരിന്റെ ലൈഫ്മിഷനുമായി ബന്ധപ്പെടുത്തി പാർപ്പിട പദ്ധതി നടപ്പിലാക്കിവരുന്നു.

7. സാമൂഹ്യക്ഷേമം

ചാത്തന്നൂർ ഗ്രാമപഞ്ചായത്തിലെ വയോജനങ്ങൾ കുട്ടികൾ, സ്ത്രീകൾ, ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്നവർ, അഗതികൾ, എന്നിവരുൾപ്പെടുന്ന ദുർബല വിഭാഗത്തെ സഹായിക്കുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുകയും കൂടുതൽ സഹായം എത്തിക്കുന്നതിനുതകുന്ന പദ്ധതികൾ തയ്യാറാക്കുന്നതിനും ലക്ഷ്യമിടുന്നു. വികലാംഗർക്ക് സഹായ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുതകുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും സ്കോളർഷിപ്പ് നൽകുന്നതിനും പരിശ്രമം പഞ്ചായത്ത് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. അഗതികൾക്ക് അങ്കണവാടികൾ വഴി ഐ സി ഡി എസ് നേതൃത്വത്തിൽ പോഷകാഹാരവിതരണം, സമൂഹത്തിലെ കുട്ടികളുടേയും സ്ത്രീകളുടേയും ഉന്നമനം ലക്ഷ്യമിടുന്ന അങ്കണവാടികളുടെ അറ്റകുറ്റപ്പണികൾ, അങ്കണവാടികൾക്ക് ചുറ്റു മതിൽ നിർമ്മിച്ച് കുടിവെള്ളം ലഭ്യമാക്കൽ, അങ്കണവാടികളുടെ വൈദ്യുതീകരണം എന്നിവ പ്രാധാന്യമർഹിക്കുന്നു. പഞ്ചായത്തിലെ വയോജനസംരക്ഷണത്തിന് അടിസ്ഥാനസൗകര്യങ്ങളെല്ലാം ലഭ്യമാക്കി പ്രവർത്തനം ആരംഭിച്ചു. ബഡ്സിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. ഭിന്നശേഷിയുള്ളവർക്കായി പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. വികലാംഗർക്കായി പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ നടത്തി അവർക്കാവശ്യമായ ഉപകരണങ്ങൾ നൽകുന്നതിന് പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യണം. പുനരധിവാ

ക്ഷേമകരമായ പദ്ധതികളെക്കാളുപരി അനിവാര്യമായ ഇടപെടൽ വഴി സാമൂഹ്യക്ഷേമമേഖലയിൽ നിർണായക പദ്ധതികൾ ആസൂത്രണം ചെയ്ത് സാമൂഹിക അരക്ഷിതാവസ്ഥയും നേരിടുന്ന പ്രശ്നങ്ങളും ലഘൂകരിക്കാനും വയോജനങ്ങൾക്ക് കട്ടിൽ, മരുന്ന് എന്നിവ നൽകിവരുന്നു.

8. പട്ടികജാതി വികസനം

പട്ടികജാതി വിഭാഗത്തിൽ പ്രത്യേകം ചിലർ കൂലിപ്പണി ചെയ്യുന്നതൊഴിച്ചാൽ ബാക്കി കൃഷിപ്പണിയും മറ്റു ഉപതൊഴിൽ ചെയ്യുന്നവരാണ്. കൃഷിപ്പണിയിലും മറ്റും ഏർപ്പെടുന്നവർ കഴിഞ്ഞകാലങ്ങളിലും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ ഇന്നും തുടരുന്നു.

പട്ടികജാതി വികസനം മുൻനിർത്തി ഭവനപദ്ധതിയും, ഭൂമി വാങ്ങൽ, വീട് മെയിന്റനൻസ്, കുടിവെള്ള കിണർ, ലക്ഷം വീട് ഒറ്റവീടാക്കൽ, റോഡുകൾ, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, പഠനമുറി എന്നീ പദ്ധതികൾ നടപ്പിലാക്കിട്ടുണ്ട്. അവയെല്ലാം തന്നെ ഉദ്ദേശിച്ച ലക്ഷ്യങ്ങൾ കൈവരിച്ചവയുമാണ്.

പട്ടികജാതി വിഭാഗങ്ങൾക്ക് ഫ്ളാറ്റ് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങൽ പൂർത്തിയായിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് സംരംഭകത്വം സാധ്യമാക്കുന്നതിനായി വ്യക്തിഗത ഗ്രൂപ്പ് സംരംഭത്തിൽ പ്രോജക്ടുകൾ നടപ്പാക്കുന്നുണ്ട്. ഗ്രൂപ്പ് സംരംഭങ്ങളെ പ്രോത്സാഹിപ്പിച്ചു കൊണ്ട് അവർക്കാവശ്യമായ പരിശീലനം നൽകി നിർമ്മാണ സംരംഭങ്ങൾ വഴി വരുമാനവും അതുവഴി ജീവിതനിലവാരവും വർദ്ധിപ്പിക്കുവാൻ കഴിയും. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുതകുന്ന സമഗ്ര ഇടപെടൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട മെറിറ്റോറിയസ് ആയ വിദ്യാർത്ഥികൾക്ക് ദേശീയ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നതിനും പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് പഠനം തുടരുന്നതിനും സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള പ്രോജക്ടുകൾ രൂപീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഹൈസ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും ഏകാഗ്രത, ആത്മവിശ്വാസം എന്നിവ വർദ്ധിപ്പിക്കുന്നതിനുമായി യോഗപരിശീലനം നൽകുകയുണ്ടായി. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നേടുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുന്നതിനും പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് ഓട്ടോറിക്ഷ / പിക്ക് അപ്പ് ഓട്ടോ റിക്ഷ, ടാക്സി, പിക്ക് അപ്പ് വാങ്ങുന്നതിന് സബ്സിഡി നൽകുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. എഞ്ചിനീയറിംഗ് / മെഡിക്കൽ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് മുഖേനയും ഭവനം, ഭൂമി, വിവാഹ ധനസഹായം എന്നിവ നടപ്പിലായി വരുന്നുണ്ട്.

ന്റ് പരമ്പരാഗത തൊഴിലുകൾ ചെയ്തുകൊണ്ടിരിക്കുന്നവർ അതിൽ നിന്നും അകന്നു പോകുന്നു. പട്ടികജാതി വിഭാഗം തിങ്ങിപ്പാർക്കുന്ന മേഖലകളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക, പട്ടികജാതി കുടുംബങ്ങൾക്കായി ഫ്ളാറ്റ് നിർമ്മിക്കുക, കുടിവെള്ളം എത്തിക്കുക, അതിനായി കുടിവെള്ള കിണർ, പമ്പ്സെറ്റ്, ടാങ്ക് എന്നിവ നിർമ്മിക്കുക, റോഡുകൾ സഞ്ചാരയോഗ്യമാക്കുക, വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, തൊഴിൽ പരിശീലനം എന്നിവ നൽകുക, ലൈബ്രറി സ്ഥാപിക്കുക, തൊഴിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ, കമ്പ്യൂട്ടർ എന്നിവ വാങ്ങുന്നതിന് ധനസഹായം നൽകുക. ടി മേഖലയിലും ആരോഗ്യമേഖലയിലും കൂടുതൽ പ്രാധാന്യം നൽകുക.

8. സ്ത്രീകളുടെയും കുട്ടികളുടെയും വികസനം

ചാത്തന്നൂർ ഗ്രാമപഞ്ചായത്തിലെ ആകെയുള്ള [illegible] ജനസംഖ്യയിൽ [illegible] സ്ത്രീകളും [illegible] ആറു വയസ്സിൽ താഴെയുള്ള കുട്ടികളും ഉൾപ്പെടുന്നു. ഇവരുടെ സാമൂഹ്യപരമായ ഉയർച്ചയ്ക്കും കുട്ടികളുടെ സംരക്ഷണത്തിനും ഉതകുന്ന പദ്ധതികൾ കഴിഞ്ഞ കാലങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. വിവിധ പ്രവർത്തനങ്ങളിൽ സ്ത്രീകളെ ഉൾപ്പെടുത്തുകയും അവർക്ക് സഹായകമായ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനും സാധിച്ചിട്ടുണ്ട്. കുടുംബശ്രീ വഴി തൊഴിൽപരിശീലനം, കുടുംബശ്രീ റിവോൾവിംഗ് ഫണ്ട്, മാതൃപൂർണ, കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങുന്ന സമയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി എന്നിവയും അംഗനവാടി വഴി 3 വയസ്സിനു താഴെയുള്ള കുട്ടികൾ കൗമാരക്കാരായ പെൺകുട്ടികൾ എന്നിവരുൾപ്പെടെ പോഷകാഹാരവിതരണം നടത്തുന്നു. അംഗനവാടി കുട്ടികൾക്ക് കളിക്കോപ്പ് വിതരണവും നടത്തിയിട്ടുണ്ട്.

സ്ത്രീശാക്തീകരണത്തിന്റെ അടിസ്ഥാനമായ കുടുംബശ്രീ മിഷന്റെ ഘടകങ്ങൾ ശക്തിപ്പെടുത്തുക, വികസന രേഖ സമാഹരിക്കുക, സമൂഹത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന അംഗനവാടികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും ആകർഷകമാക്കുന്നതിനും വരുംവർഷങ്ങളിൽ ലക്ഷ്യം വയ്ക്കുന്നു. ഗർഭിണികൾക്ക് അംഗനവാടികൾ വഴി ഐ സി ഡി എസ് നേതൃത്വത്തിൽ പോഷകാഹാരവിതരണം, സമൂഹത്തിലെ കുട്ടികളുടെയും സ്ത്രീകളുടെയും ഉന്നമനം ലക്ഷ്യമിടുന്ന അംഗൻ വാടികളുടെ അറ്റകുറ്റപ്പണികൾ, അംഗൻ വാടികൾക്ക് [illegible] പിടിപ്പിച്ച് കുടിവെള്ളം ലഭ്യമാക്കൽ, അംഗൻവാടികളുടെ വൈദ്യുതീകരണം എന്നിവ പ്രാധാന്യമർഹിക്കുന്നു. ചാത്തന്നൂർ ഗ്രാമപഞ്ചായത്തിൽ 18 വാർഡുകളിലായി 28 അംഗൻവാടികൾ ഉണ്ട്. അതിൽ 22 എണ്ണത്തിന് സ്വന്തമായി കെട്ടിടമുണ്ട്. 6 എണ്ണം വാടകകെട്ടിടങ്ങളിൽ ആണ് പ്രവർത്തിക്കുന്നത്. കുടിവെള്ളം ലഭ്യമാക്കുന്നതിനും സ്വന്തമായി കെട്ടിടമില്ലാത്തവയ്ക്ക് കെട്ടിടം ലഭ്യമാക്കുന്നതിനും പദ്ധതിയിൽ ഊന്നൽ മുൻഗണന നൽകേണ്ടതുണ്ട്.

അംഗൻവാടി, പോഷകാഹാരം, ശിശുക്കൾക്ക് THRS, കൗമാരക്കാരായ പെൺകുട്ടികൾക്ക് പോഷകാഹാരം അംഗൻവാടി പ്രവർത്തകർക്ക് അധിക വേതനം എന്നീ പ്രോജക്ടുകൾ

മുൻവർഷങ്ങളിൽ നടപ്പിലാക്കിയവയും ഉദ്ദേശലക്ഷ്യങ്ങൾ കൈവരിച്ചിട്ടുള്ളവയുമാണ്. മൃഗാശുപത്രിയുടെ ബേസിക് സൗകര്യം പൂർണ്ണമായി നടപ്പിലാക്കുവാൻ കഴിഞ്ഞില്ല.

10. ആരോഗ്യം

പഞ്ചായത്തിൽ ആരോഗ്യ മേഖലയിൽ സർക്കാർ വകയുള്ള ഒരു ഹെൽത്ത് സെന്ററും ഹോമിയോ ഡിസ്പെൻസറിയും NRHM മുഖേനയുള്ള ഒരു ആയുർവേദ ആശുപത്രിയുമാണ് നിലവിലുള്ളത്. ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് വലിയൊരളവ് വരെ ഇവയുടെ പ്രവർത്തനം സഹായകമാകുന്നുണ്ട്. ചാത്തന്നൂർ ഗ്രാമപഞ്ചായത്തിൽ 20.03.1987 മുതൽ പ്രവർത്തിച്ചു വരുന്ന ഹോമിയോ ഡിസ്പെൻസറിക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്തതുമൂലം പരിമിതമായ സൗകര്യങ്ങളോടെ ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. ഇപ്പോൾ ഹോമിയോ ഡിസ്പെൻസറി പഞ്ചായത്ത് ഓഫീസിനോട് അനുബന്ധമായുള്ള കെട്ടിടം നവീകരിച്ച് പ്രവർത്തനം മാറ്റിയിട്ടുണ്ട്. ആർദ്രം പദ്ധതിയിലുൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമായി പ്രവർത്തിച്ചുവരുന്ന ആശുപത്രിയിൽ 500 ഓളം രോഗികൾ പ്രതിദിനം ചികിത്സ തേടുന്നു.

മുൻവർഷങ്ങളിലെ പ്രോജക്ടുകളായ പാലിയേറ്റീവ് കെയർ, ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ, വൃദ്ധജനാരോഗ്യ പരിപാടി എന്നിവ വളരെ പ്രയോജനകരവും വിജയപ്രദവുമായിരുന്നു. ജീവിതശൈലീ രോഗങ്ങൾ, സാംക്രമികരോഗങ്ങൾ, പകർച്ചവ്യാധികൾ, തുടങ്ങിയവ തടയുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ, കുടുംബശ്രീ പ്രവർത്തകർ, ആശാവർക്കർമാർ, അംഗനവാടി വർക്കർമാർ, മുതലായവരുടെ സജീവപങ്കാളിത്തം ഉറപ്പാക്കണം.

11. കുടിവെള്ളം, ശുചിത്വം

ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ ശുചിത്വപഞ്ചായത്തായി മാറുക എന്ന ലക്ഷ്യത്തിലെ അന്തരീക്ഷത്തിലും ഉണ്ടാകുന്ന അജൈവ മാലിന്യങ്ങളുടെ സംഭരണവും ശാസ്ത്രീയമായ സംസ്കരണം എന്നത് അക്ഷരാർത്ഥത്തിൽ എത്തിക്കുവാൻ സാധിച്ചിട്ടും ശ്രദ്ധിക്കേണ്ടതായി വരുന്നു. മാലിന്യനിർമ്മാർജ്ജന മേഖല സംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. കുടിവെള്ളക്ഷാമം പരിഹരിക്കാൻ സർക്കാർ പദ്ധതിയായ ജല ജീവൻ പദ്ധതിയുടെ ഭാഗമായി എല്ലാവർക്കും കുടിവെള്ളം എന്ന ലക്ഷ്യം നേടുന്നതിനായി പഞ്ചായത്ത് പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കിവരുന്നു.

പഞ്ചായത്തിൽ പൊതുമാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ശുചിത്വ മിഷനുമായി സഹകരിച്ച് ഒരു മാലിന്യ സംസ്കരണ പ്ലാന്റ് എന്നത് പഞ്ചായത്ത് പദ്ധതികളിൽ മുൻഗണന നൽകുന്ന ഒന്നാണ്. ഗ്രാമപഞ്ചായത്തിലെ പൊതുമാർക്കറ്റിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കിയ ജൈവ മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തനക്ഷമമാകുന്നതോടെ മാർക്കറ്റിലെ ജൈവ മാലിന്യസംസ്കരണം പ്രാവർത്തികമാകും. ഗാർഹിക മാലിന്യ സംസ്കരണം സാധ്യമാക്കുന്നതിനായി വ്യക്തിഗത ഗുണഭോക്താക്കൾക്ക് ബയോഗ്യാസ് പ്ലാന്റ്, പൈപ്പ് കമ്പോസ്റ്റ്, മണ്ണിരകമ്പോസ്റ്റ് തുടങ്ങിയ കമ്പോസ്റ്റിംഗ് യൂണിറ്റുകൾ അനുവദിക്കേണ്ടിയിരിക്കുന്നു. ഒപ്പം

ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് ആരോഗ്യകരമായ ഇറച്ചി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സ്ലോട്ടർ ഹൗസ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾക്ക് തുടക്കം കുറിച്ച് കഴിഞ്ഞു.

പൊതുകിണറുകളുടെയും കുളങ്ങളുടെയും നവീകരണത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. വ്യക്തിഗത ഗുണഭോക്താക്കൾക്ക് കുടിവെള്ള ലഭ്യതയ്ക്കായി സഹായപദ്ധതികൾ ആസൂത്രണം ചെയ്യണം. കുടിവെള്ളക്ഷാമം നേരിടുന്ന വിവിധ പ്രദേശങ്ങളിൽ ശുദ്ധജലപ്രശ്നം പരിഹരിക്കുന്നതിനായി സമഗ്ര ഇടപെടൽ ആവശ്യമാണ്. കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പ്ലൈനുകൾ ദീർഘിപ്പിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

12. വിദ്യാഭ്യാസം കല, സംസ്കാരം, കായിക വികസനം, യുവജനക്ഷേമം

ചാത്തന്നൂർ ഗ്രാമപഞ്ചായത്തിൽ 3 ഗവ. എൽ പി സ്കൂളുകളും 2 എയ്ഡഡ് എൽ പി സ്കൂളുകളും 1 എയ്ഡഡ് യു പി സ്കൂളുകളും 1 ഗവ. ഹൈസ്കൂളും 1 എയ്ഡഡ് ഹൈസ്കൂളും ഉണ്ട്. എൽ പി യു പി സ്കൂളുകളിൽ വിവര സാങ്കേതിക വിദ്യ പഠിപ്പിക്കുന്നതിനും പഠന പ്രവർത്തന ങ്ങളിൽ ഏർപ്പെടുന്നതിനും കമ്പ്യൂട്ടറുകൾ ലാപ്ടോപ്പുകൾ പ്രിന്ററുകൾ എന്നിവ ലഭ്യമല്ല. കുടിവെള്ളം യഥാസമയം ശുദ്ധീകരിച്ച് നൽകാൻ കഴിയുന്നില്ല. സ്കൂളുകളിൽ സുരക്ഷിതമായി എത്താനും തിരിച്ചുപോകാനും സ്കൂൾ ബസുകൾ ഇല്ല. കോയിപ്പാട് എൽ പി സ്കൂളിന്റെ കെട്ടിടത്തിന് അറ്റകുറ്റപ്പണികൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്. ടി സ്കൂളിൽ ആവശ്യത്തിന് കെട്ടിടനിർമ്മാണം നടത്തേണ്ടതുണ്ട്. ഗവ. യു പി സ്കൂൾ, ചാത്തന്നൂർ ഗവ. എൽ പി സ്കൂൾ, കോയിപ്പാട് സ്കൂൾ കെട്ടിടങ്ങൾ ആകർഷകമാക്കിയിട്ടുണ്ട്.

ദുർബല പട്ടികജാതിക്കാരായ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ ട്യൂഷൻ സൗകര്യങ്ങളില്ല. എസ് എസ് എൽ സി പരീക്ഷക്ക് 100 വിജയം നേടാൻ കഴിയുന്നില്ല. കായികപരിശീലനം, കലാപരിശീലനം, പ്രവൃത്തി പരിചയം എന്നിവക്ക് അദ്ധ്യാപകർ ഇല്ല. പ്രീപ്രൈമറി ക്ലാസ്സുകൾ ആകർഷകമല്ല. തൊഴിൽ പരിശീലന സംവിധാനമോ പി എസ് സി കോച്ചിംഗ് സെന്ററുകളോ ഇല്ല. ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടേണ്ടിവരുന്ന കുട്ടികൾക്ക് സാമ്പത്തിക സഹായമോ പ്രത്യേക പരിഗണനയോ ലഭിക്കുന്നില്ല.

മുൻ വർഷങ്ങളിൽ നടപ്പിലാക്കിയ കായിക പരിശീലന പരിപാടി കായികക്ഷമത വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ തുടർന്നും നടപ്പാക്കുക. ചാത്തന്നൂർ ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ 4-ാം ക്ലാസ്സ് മുതൽ 11-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് പരിശീലനം. പ്രീപ്രൈമറി ടീച്ചർമാർക്കും ആയമാർക്കും സാമ്പത്തിക സഹായവും കഴിഞ്ഞ വർഷത്തിൽ നിന്നും വർദ്ധിപ്പിച്ച ആനുകൂല്യങ്ങൾ നൽകുക. എല്ലാ സ്കൂളുകളിലും കല, പ്രവൃത്തിപരിചയം എന്നിവക്ക് അദ്ധ്യാപകരില്ലാത്തത് കൊണ്ട് പഞ്ചായത്തിലൂടെ അത് അനുവദിപ്പിക്കുവാനുള്ള ടീച്ചർമാരെ നിയമിക്കുക. ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം ഓരോ സ്കൂളിലും പരിശീലകർ എത്തുകയും താൽപ്പര്യമുള്ള കുട്ടികളെ ഒരു സ്ഥലത്ത് എത്തിച്ച് പരിശീലനം നൽകുകയും ചെയ്യുക. മുൻവർഷങ്ങളിൽ സമഗ്ര സ്പോർട്സ് വികസനം, സൗജന്യ നീന്തൽ പരിശീലനം, ശാരീരിക മാനസിക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ് എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

13. പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം

റോഡിന്റെ വശങ്ങളിൽ വെള്ളം കയറുന്നതും ഇപ്പോൾ പ്രശ്നമാകുന്നുണ്ട്. നദീജലം തടസ്സമില്ലാതെ ഒഴുകി പോകുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക, വെള്ളം ഉയരാൻ സാധ്യതയുള്ള സ്ഥലങ്ങൾ കൃത്യമായി മുന്നറിപ്പ് നൽകുന്നതിനുള്ള സംവിധാനവും ആർ ആർ ടി അംഗങ്ങളുടെ ഫലപ്രദമായ ഇടപെടലും വെള്ളം ഉയരുന്ന പക്ഷം ജനങ്ങളെ കാലേക്കൂട്ടി തന്നെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള സൗകര്യം, ക്യാമ്പുകളിൽ വൈദ്യുതി, വെള്ളം, ശൗചാലയ സൗകര്യങ്ങൾ എന്നിവ എപ്പോഴും ഉറപ്പാക്കിയിരിക്കേണ്ടതാണ്.

വകുപ്പുകൾ ഏജൻസികൾ നടപ്പിലാക്കിയ പരിപാടികൾ

വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സഹായത്തോടെ കുറെയേറെ പദ്ധതികൾ കഴിഞ്ഞ പഞ്ചവത്സര പദ്ധതിക്കാലത്ത് നടപ്പിലാക്കിയിട്ടുണ്ട്. വനിതാ ശിശുക്ഷേമ വികസനത്തിനായി കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ സബല കൗമാരക്കാരായ പെൺകുട്ടികൾക്കുള്ള പരിപാടിയാണ്. ഇതിന്റെ പ്രയോജനം 4200ൽ അധികം പെൺകുട്ടികൾക്ക് ലഭിച്ചിട്ടുണ്ട്.

മൃഗസംരക്ഷണവകുപ്പിന്റെ നേതൃത്വത്തിലാണ് നടക്കുന്ന കന്നുകുട്ടിപരിപാലനം എന്ന പദ്ധതിയിലൂടെ കന്നുകുട്ടികൾക്ക് പകുതി വിലയ്ക്ക് കാലിതീറ്റ നൽകുന്ന പദ്ധതി നടത്തിവരുന്നു. കൃഷി വകുപ്പ് മുഖേന പുതിയ തരിശുനിലകൃഷി, ഗ്രൂപ്പ് ഇടവിളകൾ, ഉല്പാദിപ്പിക്കൽ, നെല്ല്, വാഴ, പച്ചക്കറി, തെങ്ങ്, കൃഷി ചെയ്യുന്നവർക്ക് വൈദ്യുതി സഹായം നൽകൽ, കരനെൽകൃഷിക്ക് സഹായം, ജൈവകൃഷി വ്യാപിപ്പിക്കുന്നതിനുവേണ്ടിയുള്ള എസ് എച്ച് എം വാഴകൃഷി, ഇൻഷ്വർ ചെയ്ത വിളകൾക്ക് വിളനാശത്തിനുള്ള ഇൻഷ്വറൻസ് പദ്ധതി, പ്രകൃതിക്ഷോഭ ദുരിതാശ്വാസം, രോഗം വന്ന തെങ്ങ് മുറിച്ചു മാറ്റി പുതിയ തൈകൾ നടുക, തെങ്ങുകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക എന്നിവയ്ക്കുള്ള സി ഡി ബി കോക്കനട്ട് റിഹാബിലിറ്റേഷൻ സ്കീം, യുവതലമുറയെ കൃഷിയെ സംരക്ഷിപ്പിക്കുന്നതിനുവേണ്ടി വിദ്യാർത്ഥികളുടെ പങ്കാളിത്തിൽ സ്കൂളുകളിൽ പച്ചക്കറി കൃഷി നടപ്പാക്കൽ എന്നിവ നടത്തിവരുന്നു.

റോഡുകളുടെ വികസനത്തിനായി ജില്ലാ പഞ്ചായത്തുകളുടെ വിഹിതത്തിനു പുറമെ എം.പി., എം. എൽ. എ. ഫണ്ടുകളും പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടുകളും ലഭിക്കുന്നുണ്ട്.

ഭവനനിർമ്മാണത്തിനുവേണ്ടി പി. എം. എ. വൈ. പദ്ധതി പ്രകാരം പഞ്ചായത്തുകൾക്ക് സഹായം അനുവദിക്കുന്നു. വിദ്യാഭ്യാസവകുപ്പ് മുഖേന പഞ്ചായത്തിലെ എൽപി, യുപി സ്കൂളുകൾക്ക് വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണം, അദ്ധ്യാപകരുടെ ശമ്പള വേതനങ്ങൾ എന്നിവയ്ക്കു പുറമെ എസ് എസ് എ മുഖേന സ്കൂളുകളുടെ സമഗ്ര വികസനവും ഉറപ്പു വരുത്തുന്നു.

പട്ടികജാതി വികസന വകുപ്പ് മുഖേന പട്ടികജാതിക്കാരുടെ വികസനം ലക്ഷ്യമാക്കി പെൺകുട്ടികളുടെ വിവാഹ ധനസഹായം, ഭൂരഹിതർക്ക് ഭൂമി, ഭവന നിർമ്മാണം, കുടിവെള്ള കിണർ, എന്നിവ നടപ്പിലാക്കിവരുന്നു.

അധ്യായം III.

III. പ്രശ്നവിശകലനവും പ്രശ്നപരിഹാര സാധ്യതകളും

ജീവനക്കാരുടെ അഭാവവും ജോലിഭാരവും: പഞ്ചായത്ത് ഓഫീസുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് വിഘാതമാകുന്നു. ജനങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്കനുസരിച്ച് ജനസേവനം നൽകുവാൻ പഞ്ചായത്തുകൾക്ക് കഴിയുന്നില്ല. എങ്കിലുംതന്നെയും കമ്പ്യൂട്ടർവത്കരണം മുഖേന ജനസേവനം കാര്യക്ഷമമാക്കാനുള്ള ശ്രമം നടത്തിവരുന്നു. നികുതിദായകർക്ക് ഓൺലൈനായി വസ്തുനികുതി ഒടുക്കുന്നതിനും, ഓൺലൈൻ ഉടമസ്ഥാ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും സൗകര്യമുണ്ട്. കൂടാതെ ജനന മരണ വിവാഹസർട്ടിഫിക്കറ്റുകളും ഓൺലൈനായി ലഭിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും അപേക്ഷകർക്ക് ഓൺലൈനായി തൽസ്ഥിതി അറിയുന്നതിനും കഴിയുന്നു. കമ്പ്യൂട്ടറുകൾ, ഫോട്ടോസ്റ്റാറ്റ് മെഷീൻ എന്നിവ പൂർണ്ണമായും പ്രവർത്തനക്ഷമമാണ്.

ചാത്തന്നൂർ ഗ്രാമപഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളുടെയും ഉപജീവനമാർഗ്ഗം കൃഷിയും അതിനോടനുബന്ധിച്ചുള്ള തൊഴിലുകളുമാണ്. കർഷകതൊഴിലാളികളുടെ ദൗർലഭ്യമാണ് ഈ മേഖല നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. കൃഷിയുടെ കൂലി ചെലവ് വളരെ കൂടുതൽ ആയതിനാൽ കർഷകർ കൃഷിയിടങ്ങളിൽ നിന്ന് പിൻവലിയുന്ന സാഹചര്യമാണ് നിലവിൽ ഉള്ളത്. ഉത്പാദന ചെലവ് കുറയുന്ന യന്ത്രങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടത്. കിണർ കുഴിക്കാൻ ചെലവ് വളരെ കൂടുതലായതും സബ്സിഡി തുക കുറഞ്ഞുപോയതും ജലസേചന പദ്ധതിയുടെ വേണ്ടത്ര പ്രയോജനം ലഭിക്കുന്നതിന് വിഘാതമായി കഴിഞ്ഞില്ല. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതുമൂലം കർഷകർക്ക് കൂലി ചെലവ് പരമാവധി കുറയ്ക്കുവാനും ഉത്പാദന ചെലവ് കുറയ്ക്കുവാനും കഴിയും. തൊഴിലുറപ്പ് പദ്ധതിയിലെ അംഗങ്ങൾക്ക് 100 ദിവസം ജോലി ഉറപ്പാക്കാൻ സാധിക്കുന്നു. ഇതിനുവേണ്ടി വരുന്ന അധിക വസ്തുക്കളുടെ ചെലവ് പ്രസ്തുത തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും ഈടാക്കാൻ സാധിക്കുന്നു.

മൃഗസംരക്ഷണത്തിനും ക്ഷീരവികസനത്തിനും വളരെ പ്രാധാന്യം നൽകി മുഖ്യതൊഴിലായി തന്നെ ചാത്തന്നൂരിലെ ജനങ്ങൾ കാണുന്നു. എന്നിരുന്നാലും ഈ മേഖലയുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. കൂടുതൽ കർഷകരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും അവർക്ക് അർഹമായ വരുമാനം നേടിക്കൊടുക്കുന്നതിനും ഉതകുന്ന തരത്തിലുള്ള പദ്ധതികൾ മൃഗസംരക്ഷണ മേഖലയിൽ ഏറ്റെടുക്കേണ്ടതാണ്. കന്നുകുട്ടി പരിപാലനം മൃഗസംരക്ഷണ വകുപ്പിന്റെ സബ്സിഡിയോടുകൂടി നടത്തുന്ന പദ്ധതിയാണ്. മേഖലയിലെ പ്രധാന പ്രശ്നങ്ങൾ ശ്രദ്ധിക്കപ്പെടാതെ പോകുന്ന രോഗങ്ങളും കാലിത്തീറ്റയുടെ വിലവർദ്ധനവും മൃഗങ്ങളുടെ ലഭ്യത കുറവുമാണ്. ശുചിത്വത്തിലെ അഭാവം, അകിടിലുള്ള വീക്കവും, കോഴിയുടെ ലഭ്യതക്കുറവ് എന്നിവയാണ് അവയുടെ

കാരണങ്ങൾ. കാലിത്തൊഴുത്ത് പുനരുദ്ധാരണം, സൗജന്യ നിരക്കിൽ മരുന്ന് നൽകൽ, യോഗ്യമായവർക്കെല്ലാം സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകൽ, മുട്ടക്കോഴികൾ നൽകുക എന്നിവയാണ് ഇതിനുള്ള പ്രതിവിധികൾ. 14 ാം പദ്ധതിയിൽ ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും മൃഗസംരക്ഷണമേഖല വർദ്ധിപ്പിക്കുന്നതിനും പ്രാധാന്യം നൽകുന്നു. വിജ്ഞാന വ്യാപനം, രോഗനിർണ്ണയം, ചികിത്സാസൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, മൃഗാശുപത്രിയുടെയും ഉപകേന്ദ്രങ്ങളുടെയും സൗകര്യം മെച്ചപ്പെടുത്തൽ, സ്വാശ്രയ കർഷക ഗ്രൂപ്പുകൾക്ക് ധനം നൽകൽ, കർഷകർക്ക് സാമൂഹ്യ സുരക്ഷിതത്വം എന്നിവ ലക്ഷ്യമിടുന്നു.

പ്രാദേശിക സാമ്പത്തിക വികസനത്തിന് ചെറുകിട വ്യവസായത്തിന്റെ പങ്ക് വലുതാണ്. കുടുംബശ്രീ സംവിധാനങ്ങൾ ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിൽ ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്. എങ്കിലും സമൂഹത്തിനും മുന്നോട്ടുവരാനായിട്ടുണ്ട്. മുൻവർഷങ്ങളിൽ വിവിധ മേഖലയിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ടെങ്കിലും അവ പ്രയോഗത്തിൽ വരുത്തി പ്രവർത്തിക്കുന്ന ചെറുകിട സംരംഭങ്ങൾ വളരെ കുറവാണ്. കുടുംബശ്രീയുമായി ബന്ധപ്പെടുത്തി വനിതകൾക്ക് ബ്യൂട്ടീഷ്യൻ പരിശീലനം, തയ്യൽ പരിശീലനം, ഭക്ഷ്യോല്പാദനവും വിതരണവും, കയർ വ്യവസായത്തിന്റെ പുനരുദ്ധാരണം, സിമന്റ്, ഹോളോബ്രിക്സ് നിർമ്മാണം, സോപ്പ്, ലോഷൻ എന്നിവ നിർമ്മാണം, ശീതളപാനീയങ്ങളുടെ നിർമ്മാണം, അച്ചാറുകൾ, മധുര പലഹാരങ്ങൾ, എന്നിവ നിർമ്മാണം, ചൂരൽ ഫർണിച്ചർ നിർമ്മാണം വിപണനം, ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമെന്റ് മേക്കിംഗ്, ബുക്ക് ബൈന്റിംഗ് യൂണിറ്റ്, ആഭരണനിർമ്മാണ യൂണിറ്റ്, ലെതർബാഗ്, സ്ക്രബ്ബർ നിർമ്മാണയൂണിറ്റ്, പപ്പട നിർമ്മാണ യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് കുടുംബശ്രീഫണ്ടുകൾ വിനിയോഗിക്കണം. ഗ്രൂപ്പ് സംരംഭങ്ങൾ പ്രോത്സാഹിപ്പിച്ച് ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയും സബ്സിഡിയും ചേർത്ത് പുതിയ നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ച് പഞ്ചായത്തിലെ വനിതകൾക്ക് സ്ഥിരവരുമാന മാർഗ്ഗം സാദ്ധ്യമാക്കണം.

ചാത്തന്നൂർ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി രൂപീകരണത്തിൽ പ്രധാന പരിഗണന നൽകുന്നത് റോഡുകളുടെ വികസനത്തിനാണ്. പഞ്ചായത്തിലെ ഭൂരിഭാഗം റോഡുകളും കഴിഞ്ഞകാല പദ്ധതികളിൽ ഉൾപ്പെടുത്തി ടാർ ചെയ്തു കഴിഞ്ഞു. എങ്കിലും ഇനിയും റോഡുകൾ അവശേഷിക്കുന്നു. മഴകളുടെ ആധിക്യവും കാലപ്പഴക്കവും റോഡുകൾക്ക് നാശം വരുത്തുന്നതിനാൽ ഭൂരിഭാഗം റോഡുകൾക്കും മെയിന്റനൻസ് ആവശ്യമാണ് ഊർജ്ജമേഖലയിൽ പ്രധാനം വഴിവിളക്കുകളാണ്. ഇവയുടെ നിർവ്വഹണ പ്രവർത്തനത്തിനും അവയുടെ മെയിന്റനൻസിനും വേണ്ട നടപടികൾ പഞ്ചായത്ത് സ്വീകരിച്ചു വരുന്നു. തെരുവു വിളക്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ബൾബുകൾ മാറ്റി എൽ ഇ ഡി സ്ഥാപിക്കുന്നതും ഇല്ലാത്തിടത്ത് പുതിയ എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിച്ചും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പോസ്റ്റുകൾ റോഡരികിലേക്ക് മാറ്റി സ്ഥാപിക്കേണ്ടതുണ്ട്.

ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ദാരിദ്ര്യനിർമ്മാർജ്ജനം ഒരു ലക്ഷ്യമായി അംഗീകരിക്കുകയും ദാരിദ്ര്യലഘൂകരണത്തിനുള്ള പദ്ധതികൾ ആസൂത്രണം

ചെയ്തു നടപ്പിലാക്കുകയും ചെയ്തു. അതിൽ ഒരു പരിധിവരെ ദാരിദ്ര്യം ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭൂരഹിതർക്ക് ഭൂമി വാങ്ങൽ പദ്ധതിക്ക് ഭൂമി കുറഞ്ഞവിലയ്ക്ക് കണ്ടെത്താൻ കഴിയാത്തത് പദ്ധതി നിർവ്വഹണത്തിന് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. സബ്സിഡി നിരക്കിൽ സ്പോൺസർഷിപ്പിലൂടെ അധികം തുക കണ്ടെത്തേണ്ടതുണ്ട്. ബാങ്ക് വായ്പകൾ സഹകരണ ബാങ്കു വഴി ഉപയോഗപ്പെടുത്തുക സാധന സാമഗ്രികളുടെ വിലവർദ്ധനവ് ഭവനനിർമ്മാണത്തെ അപര്യാപ്തമാക്കുന്നു. ഭവന നിർമ്മാണത്തിന് മിതമായ നിരക്കിൽ സാധനങ്ങൾ ലഭ്യമാകുന്ന നിർമ്മിതിയുടെ ഔട്ട്ലെറ്റുകൾ ഉപയോഗപ്പെടുത്തുക. ബാങ്ക് വായ്പകൾ സഹകരണ ബാങ്കു വഴി തെരഞ്ഞെടുക്കുക പഞ്ചായത്തിൽ നിന്നും ഭൂമി വാങ്ങുന്നതിന് ധനസഹായം കൊടുക്കുന്നവർക്ക് തന്നെ ലൈഫ് പി എം എ വൈ വീട് കൊടുക്കാം. പതിനാലാം പഞ്ചവത്സര കാലയളവിൽ എൻ. ആർ. ഇ. ജി.എ, കുടുംബശ്രീ മറ്റ് ധനസഹായങ്ങൾ, രാജീവ് ഗാന്ധി സമ്പൂർണ്ണ ശാക്തീകരണ യോജന, എൻ ആർ എൽ എം, എസ് ജി എസ് വൈ തുടങ്ങിയവ ഉൾപ്പെടുത്തി സമഗ്ര വികസനം ലക്ഷ്യമിടുന്നു. വികസന ഫണ്ട്, തനത് ഫണ്ട്, സ്പോൺസർഷിപ്പ് എന്നിവയിലൂടെ വിഭവ സമാഹരണത്തിനുള്ള ധനസ്രോതസ്സുകൾ ഉപയോഗപ്പെടുത്താം.

പഞ്ചായത്ത് പ്രദേശത്തെ വയോജനങ്ങൾ കുട്ടികൾ, സ്ത്രീകൾ, ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്നവർ, അഗതികൾ, എന്നിവരുൾപ്പെടുന്ന ദുർബല വിഭാഗത്തെ സഹായിക്കുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുകയും കൂടുതൽ സഹായം എത്തിക്കുന്നതിനുതകുന്ന പദ്ധതികൾ തയ്യാറാക്കുന്നതിനും ലക്ഷ്യമിടുന്നു. വികലാംഗർക്ക് സഹായ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുതകുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും സ്കോളർഷിപ്പ് നൽകുന്നതിനും പതിനാലാം പഞ്ചവത്സര പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. അഗതികൾക്ക് അംഗൻവാടികൾ വഴി എ ഡി എസ് തലത്തിൽ ഭക്ഷണ വിതരണം, സമൂഹത്തിലെ കുട്ടികളുടെയും സ്ത്രീകളുടെയും ഉന്നമനം ലക്ഷ്യമിടുന്ന അംഗൻവാടികളുടെ അറ്റകുറ്റപ്പണികൾ, അംഗൻവാടികൾക്ക് ചുറ്റു മതിൽ നിർമ്മിച്ച് കുടിവെള്ളം ലഭ്യമാക്കൽ, അംഗൻവാടികളുടെ വൈദ്യുതീകരണം എന്നിവ പ്രാധാന്യമർഹിക്കുന്നു.

പട്ടികജാതി വിഭാഗത്തിൽ ചുരുക്കം ചിലർ കൃഷിപ്പണി ചെയ്യുന്നതൊഴിച്ചാൽ ബാക്കി ഭൂരിപക്ഷവും മറ്റു മേഖലയിൽ ചെയ്യുന്നവരാണ്. ഭൂരിപക്ഷത്തിനും ഭവനം ലഭ്യമാക്കുവാൻ കഴിഞ്ഞെങ്കിലും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നാക്കാവസ്ഥ ഇന്നും തുടരുന്നു. പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്കും ലൈഫ് പദ്ധതി വഴിയും പട്ടികജാതി/ പട്ടിക വർഗ്ഗ വകുപ്പിൽ നിന്നും പദ്ധതികൾ ഉണ്ടാകുന്നുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് സ്ഥിര വരുമാനം സാദ്ധ്യമാക്കുന്നതിനായി വ്യക്തിഗത, ഗ്രൂപ്പ് സ്വയംതൊഴിൽ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ഗ്രൂപ്പ് സംരംഭങ്ങളെ പ്രോത്സാഹിപ്പിച്ചു കൊണ്ട് ആവശ്യമായ പരിശീലനം നൽകി നിർമ്മാണ സംരംഭങ്ങൾ വഴി വരുമാനവും അതുവഴി ജീവിതനിലവാരവും വർദ്ധിപ്പിക്കുവാൻ കഴിയും. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുതകുന്ന സമഗ്ര ഇടപെടൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്. പട്ടികജാതി വികസന വകുപ്പ് മുഖേനയും ഭവന, വസ്തു, വിവാഹ ധനസഹായം എന്നിവ നടപ്പിലാക്കി വരുന്നുണ്ട്.

